ESTD-1968

# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2024 ഒക്ടോബർ 24 | ദീപം 57 | നാളം 33 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org

# സമാധാന നൊബേൽ

## ആണവവിരുദ്ധ കൂട്ടായ്മ നിഹോൺ ഹിഡാൻക്യോയ്ക്ക്





അനിൽ ജെ. തയ്യിൽ

ആവർത്തിക്കപ്പെടരുതാത്ത ദുരന്തങ്ങൾ മറക്കാതിരിക്കുകതന്നെ വേണം. ലോകത്തിന്റെ മറവികൾക്കെതിരായ നിരന്തരപോരാട്ടം എന്ന നിലയിലാവും ഈ വർഷത്തെ സമാധാന നൊബേൽസമ്മാനം ജാപ്പനീസ് അണുബോംബ് അതിജീവിതരുടെ ഏക രാജ്യാന്തരസംഘടനയായ നിഹോൺ ഹിഡാൻക്യോയ്ക്കു നൽകിക്കൊണ്ടുള്ള പ്രഖ്യാപനം ചരിത്രത്തിൽ ഓർമിക്കപ്പെടുന്നത്. വർത്തമാനകാലത്ത് ആണവായുധ ഭീഷണിയുടെ അശാന്തതീരങ്ങളിൽ നൊബേൽ സമ്മാനക്കമ്മിറ്റിയുടെ ഈ തിരഞ്ഞെടുപ്പ് ചേരിതിരിഞ്ഞിരിക്കുന്ന ലോകരാജ്യങ്ങൾക്കുള്ള സന്ദേശംകൂടിയാണ്. ലോകം ഇന്നേവരെ കണ്ട ഏറ്റവും ക്രൂരമായ ആക്രമണത്തിന്റെ അവശേഷിപ്പുകൾ തലമുറകളായി പേറുന്ന ഹിബാ കുഷകളുടെ ജീവിതം സമാധാനപാതയിൽ വഴിവിളക്കാകണമെന്ന് ഈ പുരസ്കാരം നമ്മെ ഓർമിപ്പിക്കുന്നു. (രണ്ടാം ലോകമഹായുദ്ധകാലത്ത് ജപ്പാനിലെ അണുബോംബുസ്ഫോടനത്തെ അതിജീവിച്ചവരെയാണ് ഹിബാകുഷകൾ എന്നുവിളിക്കുന്നത്. ജീവിക്കുന്ന രക്തസാക്ഷികൾ എന്നർഥം.)

ആണവായുധത്തിനെതിരായി ആഗോളതലത്തിൽ എതിർപ്പു രൂപപ്പെടുത്തുന്നതിലും അത് നിലനിർത്തുന്നതിലും സംഘടന നടത്തുന്ന ശ്രമങ്ങളെ പ്രശംസിച്ച നൊബേൽ കമ്മിറ്റി 'വിവരണത്തിന് അതീതമായതിനെ വിവരിക്കാനും ചിന്തയ്ക്കപ്പുറമായതിനെക്കുറിച്ചു ചിന്തിക്കാനും ഹിബാകുഷ നമ്മളെ സഹായിക്കുന്നു' എന്ന് പുരസ്കാരപ്രഖ്യാപനവേളയിൽ പറഞ്ഞു. 11 ലക്ഷം ഡോളർ സമ്മാനത്തുകയുള്ള നൊബേൽ സമാധാനപുരസ്കാരത്തിനായി ലോകമൊട്ടാകെനിന്ന് 197 വ്യക്തികളെയും 89 സംഘടനകളെയും പരിഗണിച്ചിരുന്നു. 'ഇപ്പോഴും വിശ്വസിക്കാനാവുന്നില്ല' എന്നാണ് ചെയർമാൻ സുഷി കിദൊ പ്രതികരിച്ചത്. ആണവായുധങ്ങൾ നിരോധിക്കാനും ശാശ്വതസമാധാനം കൈവരിക്കാനും ലോകത്തോടു നടത്തുന്ന അപേക്ഷകൂടിയാണ് ഈ സമ്മാനം എന്നാണ് ഉപാധ്യക്ഷൻ തോഷിയു മീമകി പറഞ്ഞത്.

വ്ളാദിമിർ പുടിൻ, കിം ജോങ് ഉൻ, ആയത്തുള്ള ഖമൈനി തുടങ്ങിയവരുടെ ആണവായുധപ്രയോഗഭീഷണിയുടെയും, പശ്ചിമേഷ്യ, യുക്രെയ്ൻ, സുഡാൻ എന്നിവിടങ്ങളിൽ നടക്കുന്ന സംഘർഷങ്ങളുടെയും പശ്ചാത്തലത്തിലെ ഈ സമ്മാനപ്രഖ്യാപനം ലോകരാഷ്ട്രങ്ങൾക്ക് സമാധാനത്തെക്കുറിച്ചുള്ള ശക്തമായ ഓർമപ്പെടുത്തൽകൂടിയാണ്.

**നിഹോൺ ഹിഡാൻക്യോ**

1945 ഓഗസ്റ്റ് 6 രാവിലെ 8.15. ഹിരോഷിമയുടെ തിരക്കേറിയ സെൻട്രൽ ബിസിനസ്മേഖലയുടെ മുകളിൽ അമേരിക്കൻ വ്യോമസേനയുടെ 'എനോളാ ഗേ' എന്ന ബോയിങ് ബി 29 സൂപ്പർ ഫോർട്രെസ് വിമാനം ഇരമ്പിപ്പറക്കുന്നു. പൈലറ്റ് പോൾ ടിബട്സ് ജൂനിയർ ട്രിഗർ ചെയ്ത 'ലിറ്റിൽ ബോയ്' എന്ന ഇരുപതിനായിരം ടി.എൻ.ടി സ്ഫോടനശേഷിയുള്ള മാരക യുറേനിയം ബോംബ് ലോകം കണ്ട ഏറ്റവും ദുരന്തനിമിഷം ചരിത്രത്തിൽ അടയാളപ്പെടുത്തിക്കൊണ്ട് ഹിരോഷിമയുടെ നെഞ്ചുപിളർത്തി. ഒരായിരം സൂര്യന്മാർ ഒരുമിച്ചുദിച്ചപോലെ ഒരു സ്ഫോടനം. ഹിരോഷിമ എന്ന നഗരത്തിന്റെ 70 ശതമാനം തകർത്തുകളഞ്ഞ, ലോകചരിത്രത്തിലെ ആദ്യ അണുബോംബുവർഷത്തിൽ 60,000 മുതൽ 1,66,000 വരെ മനുഷ്യജീവനാണൊടുങ്ങിയത് എന്നു കണക്കുകൾ.

രണ്ടു ദിവസങ്ങൾക്കപ്പുറം ഓഗസ്റ്റ് 9, ജപ്പാൻ പ്രാദേശിക സമയം രാവിലെ 11.02. നാഗസാക്കിയിലെ ഇൻഡസ്ട്രിയിൽ വാലിയുടെ മുകളിൽ യുദ്ധക്കലിയൊടുങ്ങാത്ത മനുഷ്യന്റെ ക്രൂരതയുടെ ദൃഷ്ടാന്തമായി, അമേരിക്കയുടെ മറ്റൊരു ബി - 29 യുദ്ധവിമാനം 'ബോക്സ്കാർ' വട്ടമിടുന്നു. ഹിരോഷിമയിൽ ചാരമായ മനുഷ്യക്കൂട്ടത്തിന്റെ ദൈന്യം തെല്ലും കരളുലയ്ക്കാത്ത മനസ്സുമായി പൈലറ്റ് മേജർ ചാൾസ് സ്വീനി നാഗസാക്കിയിൽ വർഷിച്ച പ്ലൂട്ടോണിയം ബേസ്ഡ് ബോംബ് 'ഫാറ്റ്മാൻ' കരിച്ചുകളഞ്ഞ ജീവന്റെ എണ്ണം ഇപ്പോഴും തിട്ടമില്ല. 40,000 മുതൽ 80,000 വരെയാകുമെന്നു പറയപ്പെടുന്നു. തകർക്കപ്പെട്ട നഗരങ്ങൾ പുനർനിർമിച്ചെങ്കിലും ആണവവികിരണങ്ങൾ കാർന്നുതിന്ന ലക്ഷക്കണക്കിനു ജീവിതങ്ങൾ മനുഷ്യമൃഗീയതയുടെ ബാക്കിപത്രമായി. വർഷങ്ങൾക്കിപ്പുറവും കാൻസർ, ജന്മവൈകല്യങ്ങൾ തുടങ്ങി മറ്റനേകം രോഗങ്ങളാൽ അണുബോംബിന്റെ അനന്തരഫലങ്ങൾ ഒരു ജനതയുടെ ദുരന്തപർവമായി തുടരുന്നു. അണുബോംബ് ആക്രമണത്തോടെ 1945 സെപ്റ്റംബർ രണ്ടിന് ജപ്പാൻ സഖ്യശക്തികൾക്കുമുമ്പിൽ ഔദ്യോഗികമായി കീഴടങ്ങിയെങ്കിലും അധിനിവേശസേനയിൽനിന്ന് യാതൊരു സഹായവും ഹിബാകുഷകൾക്കു ലഭിച്ചില്ല. 1952 ൽ പരമാധികാരം വീണ്ടെടുത്ത ജപ്പാൻ സർക്കാരും അവരെ അവഗണിച്ചു. യു.എസ്സിൽനിന്ന് ആണവാക്രമണത്തിന്റെ നഷ്ടപരിഹാരം ഈടാക്കാനുള്ള അവകാശം അടിയറവച്ചാണ് ജാപ്പനീസ് സർക്കാർ പരമാധികാരം തിരികെപ്പിടിച്ചത്. ഇതിനെത്തുടർന്നാണ് 1956 ഓഗസ്റ്റ് 10 ന് ഹിബാകുഷകളുടെ വിവിധ കൂട്ടായ്മകൾ ചേർന്ന് ഒറ്റസംഘടനയായി രൂപമെടുക്കുന്നത്. 'ജപ്പാൻ കോൺഫെഡറേഷൻ ഓഫ് എ ആൻഡ് എച്ച് ബോംബ്സ്' ആണ് നിഹോൺ ഹിഡാൻക്യോ എന്ന് അറിയപ്പെടുന്നത്. ഇന്നിപ്പോൾ 1,74,080 അംഗങ്ങളാണ് സംഘടനയിലുള്ളത്.

**ലക്ഷ്യവും പ്രവർത്തനങ്ങളും**

ആണവായുധഭീകരതയെക്കുറിച്ച് ലോകത്തെ അറിയിക്കുന്നതിൽ ജീവിക്കുന്ന രക്തസാക്ഷികളായ ഹിബാകുഷകൾ വലിയ പങ്കുവഹിച്ചു. ഇനിയൊരു ഹിബാകുഷ ഉണ്ടാവില്ലെന്ന് ഉറപ്പാക്കുക, ആണവായുധരഹിതലോകം സൃഷ്ടിക്കുക എന്നീ ലക്ഷ്യത്തോടെ ഹിഡാൻക്യോ ലോകത്തിന്റെ വിവിധഭാഗങ്ങളിലേക്കു പ്രതിനിധികളെ അയച്ചുകൊണ്ടിരിക്കുന്നു.

ആണവാക്രമണങ്ങൾമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ആക്രമിച്ച രാഷ്ട്രംതന്നെ നഷ്ടപരിഹാരം നൽകുന്നതിനും ആണവാക്രമണ അതിജീവിതർക്കുള്ള സംരക്ഷണത്തിനു നിലവിലുള്ള നിയമങ്ങളും നടപടികളും മെച്ചപ്പെടുത്തുന്നതിനും ഒരു അന്താരാഷ്ട്ര ഉടമ്പടിക്കായി സംഘടന നിരന്തരം രാജ്യാന്തരസമ്മർദം നടത്തിവരുന്നു. 'ലോസ് ഓഫ് ആംഡ് കോൺഫ്ളിക്ട്സ്' (ഒ.എൻ.സി.) എന്ന രാജ്യാന്തര യുദ്ധനിയമങ്ങൾ പാലിക്കപ്പെടണം എന്നതാണ് അവരുടെ മറ്റൊരു പ്രധാന ആവശ്യം. ഐക്യരാഷ്ട്ര സംഘടനയുടെ വിവിധ ഏജൻസികളുമായും സാമൂഹികസംഘടനകളുമായും ഇവർ സഹകരിച്ചു പ്രവർത്തിക്കുന്നു. 1975 ൽ യു.എൻ. പ്രതിനിധിസംഘാംഗമായിരുന്ന ഹിഡാൻക്യോ കോ-ചെയർപേഴ്സൺ യുകിമുനെ ഹജിമെ പൂർണ ആണവായുധ നിരോധന ഉടമ്പടിക്ക് ഐക്യരാഷ്ട്രസംഘടനയോട് അഭ്യർഥിച്ചു. 1976 ൽ ഹിഡാൻക്യോ ചെയർമാൻ ഇറ്റോ നകേഷി ഹിരോഷിമ - നാഗസാക്കി അണുബോംബ് സ്ഫോടനാനന്തരനാശനഷ്ടങ്ങളും അനന്തരഫലങ്ങളും സംബന്ധിച്ച റിപ്പോർട്ട് യു.എൻ. സെക്രട്ടറി ജനറലിനു സമർപ്പിച്ചു.

2017 ൽ ലോകരാജ്യങ്ങൾ ഒപ്പുവച്ച 'അണുവായുധ നിരായുധീകരണ ഉടമ്പടി' (റ്റി.പി.എൻ.ഡബ്ലി.യു.) സംഘടനയുടെ വലിയ നേട്ടമായി ചൂണ്ടിക്കാണിക്കാം.


**പാഠം പഠിക്കാതെ ലോകം**

1945 ലെ അണുബോംബ് ആക്രമണത്തിന്റെ ബാക്കിപത്രമായി ഇപ്പോഴും ആളുകൾ മരിച്ചുവീഴുന്നു. പുതുക്കിയ പട്ടിക പ്രകാരം, 2024 ഓഗസ്റ്റുവരെ ആക്രമണാനന്തര അണുവികിരണംമൂലം മരിച്ചവരുടെ എണ്ണം 5,43,171 ആണ്.

▶ 12

# നൽകുന്നതിൽ സന്തോഷം കണ്ടെത്തിയ ദാനപ്രഭു

**അന്തരിച്ച പ്രമുഖ ഇന്ത്യൻ വ്യവസായി രത്തൻ ടാറ്റായെ ഓർക്കുമ്പോൾ**



സെബിൻ എസ്. കൊട്ടാരം



**2018** ഫെബ്രുവരി ആറാംതീയതി. അന്നായിരുന്നു ബ്രിട്ടണിലെ ചാൾസ് രാജകുമാരന്റെ നേതൃത്വത്തിൽ, ജീവകാരുണ്യരംഗത്തെ ലൈഫ് അച്ചീവ്മെന്റ് അവാർഡ് വലിയൊരു ചടങ്ങിൽവച്ച് പ്രശസ്ത വ്യവസായിയും ജീവകാരുണ്യപ്രവർത്തകനുമായ രത്തൻ ടാറ്റായ്ക്ക് നൽകാൻ തീരുമാനിച്ചിരുന്നത്.

അതിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായിരിക്കവേയാണ് ഫെബ്രുവരി രണ്ടിന് അദ്ദേഹത്തിന്റെ സുഹൃത്തിന് ഒരു ഫോൺകോൾ വരുന്നത്. ലണ്ടനിലെ ഹീത്രൂ എയർപോർട്ടിൽവച്ച് ഫോൺ നോക്കിയതും 11 മിസ്ഡ്കോളുകൾ! വിളിച്ചത് രത്തൻ ടാറ്റാ. എന്തായിരിക്കാം അത്യാവശ്യമെന്നോർത്ത് തിരിച്ചുവിളിച്ചതും രത്തൻ ടാറ്റ പറഞ്ഞു:

അദ്ദേഹത്തിന് അവാർഡുദാനച്ചടങ്ങിൽ പങ്കെടുക്കാൻ സാധിക്കുകയില്ല. കാരണവും പറഞ്ഞു. അദ്ദേഹത്തിന്റെ പ്രിയപ്പെട്ട നായ്ക്കളാണ് ടാങ്കോയും ടിറ്റോയും. അതിലൊരാൾക്ക് ഗുരുതരമായി അസുഖം ബാധിച്ചിരിക്കുകയാണ്. അവരെ ഉപേക്ഷിച്ച്, ഈ സമയം ലൈഫ് അച്ചീവ്മെന്റ് അവാർഡ് സ്വീകരിക്കാൻ വരാൻ സാധിക്കുകയില്ല എന്ന് രത്തൻ ടാറ്റ പറഞ്ഞു.

വലിയൊരു രാജ്യാന്തരബഹുമതി ബ്രിട്ടണിലെ ചാൾസ് രാജകുമാരന്റെ നേതൃത്വത്തിൽ നൽകാൻ തീരുമാനിച്ചപ്പോൾ അതിനെക്കാൾ മൂല്യം ഗുരുതരമായി അസുഖം ബാധിച്ച തന്റെ പ്രിയപ്പെട്ട നായ്ക്കൊപ്പം സമയം ചെലവഴിക്കുന്നതാണെന്നു ബോധ്യപ്പെട്ട് അംഗീകാരത്തിന്റെ നേർക്ക് 'നോ' പറഞ്ഞ രത്തൻ ടാറ്റായിലെ സഹജീവിസ്നേഹിയെക്കുറിച്ചറിഞ്ഞ ചാൾസ് രാജകുമാരന്റെ മറുപടിയും ഇതായിരുന്നു:

"അതാണ് രത്തൻ ടാറ്റാ. അതാണ് ടാറ്റാ ഹൗസിനെ വേറിട്ടു നിർത്തുന്നതും." ആ വാക്കിൽ എല്ലാം അടങ്ങിയിരുന്നു.

**അടയ്ക്കാത്ത വാതിൽ**

രത്തൻ ടാറ്റായുടെ സഹജീവിസ്നേഹം മുത്തച്ഛൻ ജെ.ആർ.ഡി. ടാറ്റയുടെ കാലംമുതലേ ആരംഭിച്ചതാണ്. ടാറ്റാ ഗ്രൂപ്പിന്റെ ഹെഡ് ഓഫീസായ ബോംബെഹൗസിന്റെ ഗേറ്റ് ഏതു സമയവും തുറന്നുകിടന്നിരുന്നു. അവിടെ തെരുവുനായ്ക്കൾക്ക് യഥേഷ്ടം ഭക്ഷണവും വിശ്രമവും അനുവദിച്ചിരുന്നു. ബോംബെ ഹൗസ് പുതുക്കിപ്പണിതപ്പോൾ തെരുവു നായ്ക്കൾക്കായി പ്രത്യേക മുറിതന്നെ രത്തൻ ടാറ്റ ഒരുക്കി. ഭക്ഷണവും വെള്ളവും വിശ്രമിക്കാൻ മെത്തയും വാക്സിനേഷനുമെല്ലാം അവിടെ ഒരുക്കിയിരുന്നു.

**സമ്പത്തിന്റെ വില**

സഹജീവിസ്നേഹമെന്നാൽ ചുറ്റുപാടുമുള്ള എല്ലാവരോടുമുള്ള സ്നേഹമായിരുന്നു രത്തൻ ടാറ്റയ്ക്ക്. പലരും ആശ്ചര്യപ്പെട്ടു ചോദിച്ച ഒരു ചോദ്യമുണ്ട്. ലോകം മുഴുവൻ പടർന്നുപന്തലിച്ച ബിസിനസ് സാമ്രാജ്യത്തിന്റെ ഉടമയായിരുന്നിട്ടും ഇന്ത്യയിലെ ആദ്യ പത്തു ധനികരിൽ രത്തൻ ടാറ്റായോ അദ്ദേഹത്തിന്റെ ടാറ്റാ ഗ്രൂപ്പോ വരാത്തത് എന്താണെന്ന്? അതിനൊരു കാരണമുണ്ട്. അദ്ദേഹം സമ്പത്ത് ഒരിക്കലും തന്റെ സ്വാർഥതയ്ക്കായി കൂട്ടിക്കൂട്ടി വച്ചില്ല; മറിച്ച്, ലളിതജീവിതം നയിച്ചുകൊണ്ട് സമ്പത്തിന്റെ 65 ശതമാനവും ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി മാറ്റിവച്ചു. ആരോഗ്യം, വിദ്യാഭ്യാസം, ശുദ്ധജലം തുടങ്ങിയ മേഖലകളിൽ അനേക ലക്ഷം ആളുകളുടെ ഉന്നമനത്തിനായി തന്റെ സമ്പത്തിന്റെ ഭൂരിഭാഗവും അദ്ദേഹം ചെലവഴിക്കുകയായിരുന്നു. ജീവകാരുണ്യപ്രവർത്തനങ്ങൾക്കുമാത്രമായി ടാറ്റാ ട്രസ്റ്റ് ഇതുവരെ ചെലഴിച്ചത് 10,000 കോടി രൂപയിലധികമാണ്. ബില്യണയർമാരുടെ പട്ടികയിൽ ഇടം നേടുകയും സ്വന്തം കുടുംബത്തിലുൾപ്പെടെ പരാജയപ്പെടുകയും സമ്പത്തിന്റെ ആധിക്യത്തിലും സന്തോഷം കണ്ടെത്താൻ കഴിയാതിരിക്കുകയും ചെയ്യുന്ന സമ്പന്നർക്കു പാഠമാവേണ്ടതാണ് രത്തൻ ടാറ്റായുടെ ജീവിതം.

**സന്തോഷത്തിന്റെ രഹസ്യം**

ഒരിക്കൽ ഒരു അഭിമുഖത്തിൽ അവതാരകൻ രത്തൻ ടാറ്റായോടു ചോദിച്ചു: ജീവിതത്തിൽ താങ്കൾക്ക് ഏറ്റവുമധികം സന്തോഷം തോന്നിയ നിമിഷമേതാണ്? സന്തോഷത്തിന്റെ നാലു വ്യത്യസ്തഘട്ടത്തിലൂടെ താൻ കടന്നുപോയിട്ടുണ്ടെന്നും ഒടുവിലാണ് യഥാർഥ സന്തോഷം കണ്ടെത്തിയതെന്നും രത്തൻ ടാറ്റ പ്രതികരിച്ചു. വലിയ രീതിയിൽ പണം സമ്പാദിച്ചതായിരുന്നു ആദ്യത്തെ ഘട്ടം. എന്നാൽ, പ്രതീഷിച്ച സന്തോഷം നൽകാൻ പണത്തിനായില്ല. വലിയ വിലപ്പിടിപ്പുള്ള വസ്തുക്കൾ ശേഖരിച്ചതായിരുന്നു രണ്ടാമത്തെ ഘട്ടം. പക്ഷേ, അതിനും ആത്യന്തിക സന്തോഷം നൽകാനായില്ല. മൂന്നാമത്തെ ഘട്ടത്തിലാവട്ടെ, ബിസിനസ് വൻതോതിൽ വിപുലീകരിച്ചു. ലോകമെമ്പാടുമായി പടർത്തി വലുതാക്കി. ഇന്ത്യയിലെയും ആഫ്രിക്കയിലെയും ഉൾപ്പെടെ 95% എണ്ണയും വിതരണം ചെയ്യുന്ന തരത്തിലേക്ക് കമ്പനിയെ വളർത്തി. ഏഷ്യയിലെ ഏറ്റവും വലിയ ഉരുക്കുഫാക്ടറിയുടെ ഉടമയായി മാറി. പക്ഷേ, അപ്പോഴും യഥാർഥസന്തോഷം കണ്ടെത്താൻ സാധിച്ചില്ല.

നാലാമത്തെ ഘട്ടത്തിലാണ്, ഭിന്നശേഷിക്കാരായ 200 കുട്ടികൾക്ക് വീൽച്ചെയറുകൾ വാങ്ങി നൽകാമോയെന്ന് ഒരു സുഹൃത്ത് അദ്ദേഹത്തോടു ചോദിക്കുന്നത്. അദ്ദേഹമതു സമ്മതിച്ചു.

അപ്പോഴാണ് മറ്റൊരാവശ്യം കൂടി സുഹൃത്ത് ഉന്നയിക്കുന്നത്; അദ്ദേഹംതന്നെ അവർക്ക് വീൽച്ചെയറുകൾ നേരിട്ടു നൽകണമെന്ന്. അതനുസരിച്ച് അദ്ദേഹംതന്നെ അവർക്ക് നേരിട്ടു വീൽച്ചെയറുകൾ വിതരണം ചെയ്തു. ആ സമയം ആ കുട്ടികളുടെ മുഖത്തു തെളിഞ്ഞ സന്തോഷം അദ്ദേഹത്തിന്റെ മനസ്സിൽ കെടാതെനിന്നു.

തിരികെ പോരാൻനേരം ഒരു കുട്ടി അദ്ദേഹത്തിന്റെ കാലിൽ മുറുകെപ്പിടിച്ചു. വിടുവിക്കാൻ നോക്കിയിട്ടും പറ്റിയില്ല. അപ്പോൾ അദ്ദേഹം അവനോടു ചോദിച്ചു: നിനക്ക് വേറേയെന്തെങ്കിലും വേണോ?

അവൻ അദ്ദേഹത്തിന്റെ മുഖത്തേക്കു സൂക്ഷിച്ചുനോക്കിയിട്ടു പറഞ്ഞു: എനിക്ക് താങ്കളുടെ മുഖം എന്നും ഓർത്തുവയ്ക്കണം. നാളെ സ്വർഗത്തിൽ വച്ച് നമ്മൾ വീണ്ടും കാണും.

യഥാർഥസന്തോഷം, നേടുന്നതിനെക്കാൾ നൽകുന്നതിലാണ് എന്നദ്ദേഹം അന്നു തിരിച്ചറിഞ്ഞു. ആ തിരിച്ചറിവിന്റെ മാധുര്യം കൊവിഡ്കാലത്ത് കേരളവും അനുഭവിച്ചു. കൊവിഡ് രോഗികൾക്കായി കാസർഗോട്ട് സൗജന്യമായി ടാറ്റാ ഗ്രൂപ്പ് ആശുപത്രി നിർമിച്ചുനല്കി.

**തിരിച്ചടികളെ വിജയത്തിന്റെ ഇന്ധനമാക്കി**

തിരിച്ചടികൾ നേരിട്ടപ്പോൾ തളരാത്ത മനസ്സുമായി അതിനെ അതീജിവിച്ച ചരിത്രമാണ് രത്തൻ ടാറ്റായ്ക്കുള്ളത്.

രത്തന് പത്തു വയസ്സു പ്രായമുള്ളപ്പോൾ മാതാപിതാക്കൾ ബന്ധം വേർപെടുത്തി. പിന്നീട് വളർത്തിയതെല്ലാം മുത്തശ്ശിയായിരുന്നു. മുത്തശ്ശിയുടെ വാക്കുകൾ രത്തന് എന്നും വഴികാട്ടിയായി. എവിടെയും തലയുയർത്തി നിൽക്കണം, പരിഹാസങ്ങളെ അവഗണിച്ചുകൊണ്ടു മുന്നേറണം, ആരോടും പരുഷമായി പെരുമാറരുത് എന്നീ വാക്കുകൾ രത്തന്റെ ജീവിതത്തിൽ കെടാവിളക്കായി.

വലിയ സമ്പത്തിലും ആഡംബരപ്രിയനായിരുന്നില്ല രത്തൻ. ടാറ്റാ സൺസിന്റെ ചെയർമാനായി ചുമതലയേൽക്കുന്നതുവരെ കൊളാബയിലെ ലളിതമായ ഫ്ളാറ്റിലായിരുന്നു രത്തൻ വർഷങ്ങളോളം താമസിച്ചിരുന്നത്.

ദേശീയതയുടെ മുഖമുദ്രകൂടിയായിരുന്നു ടാറ്റാ. അങ്ങനെ ആദ്യത്തെ പൂർണമായും ഇന്ത്യയിൽ നിർമിക്കുന്ന കാറായ ടാറ്റാ ഇൻഡിക്ക 1998 ൽ പുറത്തിറക്കി. പക്ഷേ, വിപണിയിൽ തിരിച്ചടി നേരിട്ടതോടെ ഒരുവർഷത്തിനുള്ളിൽ അടച്ചുപൂട്ടേണ്ടിവന്നു. അങ്ങനെ ഫോർഡുകമ്പനിയുമായി ചർച്ചയ്ക്കുപോയ രത്തൻ ടാറ്റായോട് ഫോർഡിന്റെ മേധാവി പറഞ്ഞു: നിങ്ങൾക്ക് യാതൊന്നും അറിയില്ല. പിന്നെ എന്തിനാണ് കാർനിർമാണം ആരംഭിച്ചത്. ഇത് ഞങ്ങൾ ഏറ്റെടുക്കുകയാണെങ്കിൽ അത് നിങ്ങൾക്കു തരുന്ന ഔദാര്യമാണ്. തന്റെ ജീവനക്കാരുടെ മുമ്പിൽ വച്ച് ഫോർഡിന്റെ മേധാവി ബിൽ ഫോർഡിൽനിന്നുകേട്ട വാക്കുകൾ അദ്ദേഹത്തെ പുനർവിചിന്തനത്തിനു പ്രേരിപ്പിച്ചു. അങ്ങനെ, വിൽക്കാനുള്ള തീരുമാനം ഉപേക്ഷിച്ചു, മുംബൈയിലേക്കു മടങ്ങി. തെറ്റുകൾ തിരുത്തിക്കൊണ്ട് വീണ്ടും കാറുകൾ വിപണിയിലിറക്കി. വിജയം സ്വന്തമാക്കി.

പത്തുവർഷത്തിനുശേഷം കാലം ബിൽഫോർഡിനെ രത്തന്റെ മുമ്പിലെത്തിച്ചു. സാമ്പത്തികനഷ്ടത്തെത്തുടർന്ന് ഫോർഡിന്റെ ജാഗ്വറും ലാൻഡ് റോവറും വിൽക്കാനായി രത്തൻ ടാറ്റായുടെ മുമ്പിലെത്തി ബിൽഫോർഡ്. അന്ന് ബിൽഫോർഡ് രത്തൻ ടാറ്റായോട് ഇങ്ങനെ പഴയ വാചകം മാറ്റിപ്പറഞ്ഞു: താങ്കൾ ചെയ്യുന്നത് ഞങ്ങൾക്കു വലിയൊരു സഹായമാണ്, നന്ദി. രത്തൻ ടാറ്റായുടെ ജീവിതം അവസാനിക്കുന്നില്ല. ചെയ്ത നന്മപ്രവൃത്തികളിലൂടെ, ജീവിതം കാണിച്ചു നൽകിയ പ്രചോദനത്തിലൂടെ അനേകരുടെ ഹൃദയത്തിൽ അദ്ദേഹം കെടാവിളക്കായി ജീവിക്കുന്നു.

# സന്തുഷ്ടജീവിതത്തിനു ബോംബിടുന്നവർ!



ജോസ് വഴുതനപ്പിള്ളി

എന്റെ ഒരു സുഹൃത്ത് ഒരിക്കൽ ഒരു ബന്ധുവിന്റെ വീട്ടിൽ ഒരു നായക്കുട്ടിയെ വാങ്ങാൻ പോയി. അവിടെ കണ്ട നാലു തക്കിടിമുണ്ടൻ നായക്കുട്ടികളിൽ അയാൾക്കിഷ്ടമായതു കാലിനു വൈകല്യമുള്ള ഒരെണ്ണത്തിനെ ആയിരുന്നു. കാലങ്ങൾ കടന്നുപോയി. പിന്നീട് പലപ്പോഴും സുഹൃത്തിന്റെ നായയെ കണ്ടു. നല്ല സ്നേഹമുള്ള ഒരു മിടുക്കൻപട്ടിക്കുട്ടിയായി ഇപ്പോൾ വളർന്നിരിക്കുന്നു. കാലിന് അല്പം ചട്ടുണ്ട് എന്നുമാത്രം. നമുക്കു ചുറ്റിലും ധാരാളമായി കാണുന്ന പോരായ്മകളെയും അപൂർണതകളെയും നാം എളുപ്പത്തിൽ സ്വീകരിക്കാറുണ്ടോ?

അപൂർണതയാണ് നമുക്കു ചുറ്റും. ഈ മനോഹരമായ ലോകത്തിലെ കാഴ്ചകളോരോന്നും പരിശോധിക്കൂ. കാട്ടരുവിയുടെ കരയിൽനിന്നാൽ അവിടെ പല വർണങ്ങളിലും ആകൃതിയിലുമുള്ള കല്ലുകൾ കാണാം. സമീപത്തുള്ള പുൽമേട്ടിലും എത്ര വൈവിധ്യമാർന്ന ചെടികളാണ്! ഇതെല്ലാം കൃത്യതയുടെ ഒരു തോതിലായിരുന്നെങ്കിൽ ഈ ലോകം എത്ര വിരസമായേനേ! അവയൊന്നും കണ്ണുകൾക്കിത്രയധികം ഇമ്പം പകർന്നുതരുമായിരുന്നില്ല. വിവിധങ്ങളായ ആകൃതികളും വർണഭേദങ്ങളുമാണ് കാഴ്ചയുടെ വലിയൊരു സദ്യ നമുക്ക് ഒരുക്കിത്തരുന്നത്.



പരമ്പരാഗത ജാപ്പനീസ് സൗന്ദര്യാവബോധപഠനങ്ങളിൽ 'വാബി - സാബി' എന്നത് ഒരു ലോകദർശനമാണ്. അസ്ഥിരതയും ക്ഷണികതയും അപൂർണതകളും പരിമിതികളും തുറവോടെ സ്വീകരിക്കുന്ന ഒരു മനോഭാവമാണത്. ലോകത്തുള്ളതെല്ലാം തീരെ നിലനില്പില്ലാത്തതും അപൂർണവുമാണെന്ന് അവർ മനസ്സിലാക്കുന്നു.

നിങ്ങൾ സന്തുഷ്ടരും ആത്മനിർവൃതിയുള്ളവരുമായിരിക്കാൻ ഇഷ്ടപ്പെടുന്നുണ്ടെങ്കിൽ ഒരു കാര്യത്തിനു വേഗം തയ്യാറായിക്കൊള്ളൂ. പ്രതീക്ഷകളെ യാഥാർഥ്യബോധത്തോടെ വെട്ടിച്ചുരുക്കുക. അസമാനവും എത്തിപ്പിടിക്കാനാകാത്തതും സദാ ഉത്തമാംശംമാത്രം തേടുന്നതുമായ സ്റ്റാൻഡേർഡ് ഒന്നു മിതപ്പെടുത്തുക. ഓരോന്നും നേടിയെടുക്കാവുന്ന തരത്തിൽ ഉള്ളതായിരിക്കട്ടെ. വലിയ തികവുകളില്ലാത്തപ്പോഴും ആ പോരായ്മകൾക്കും കുറ്റങ്ങൾക്കും കുറവുകൾക്കുംമുമ്പിൽ കണ്ണടച്ച്, സന്തോഷത്തോടെ അതെല്ലാം ഉൾക്കൊള്ളാനുള്ള മനസ്സു സൃഷ്ടിക്കുക. നാം മനസ്സിലാക്കണം, പൂർണത എന്നു പറയുന്നത് ഒരു മരീചികയാണ്. അടുത്തെത്തുമ്പോഴേക്കും ഓടിമറയുന്ന മായക്കാഴ്ചയാണത്.

ഒരു കമ്പ്യൂട്ടർപ്ലാനിന്റെ ചിട്ടയിൽ ഈ ലോകത്ത് ഒന്നും നടക്കാൻ പോകുന്നില്ല. പല പരാജയങ്ങളുമുണ്ടാകും. നാം ലക്ഷ്യമിട്ടിരിക്കുന്നതിൽ പലതും മുഴുവനായി നേടാനായി എന്നു വരില്ല. ഇവിടെ മനമുരുകിയിട്ട് എന്തു ഫലം? ഈ ലോകം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതുതന്നെ അപ്രകാരമാണ് - അപൂർണതകൾ നിറഞ്ഞ ലോകം. ജീവിതം ആസ്വദിക്കണമെങ്കിൽ ചുറ്റിലും കാണുന്ന അപര്യാപ്തതകളും പോരായ്മകളും നാം അവഗണിക്കണം. എന്റെ സുഹൃത്ത് മുടന്തൻ പട്ടിയെ സ്വീകരിച്ചതുപോലെ നാം ഉൾക്കൊള്ളാൻ പഠിക്കണം. അതിന്റെ പോരായ്മകളോടെ സ്വീകരിക്കാനും തൃപ്തിപ്പെടാനും നമുക്കു കഴിയണം. നാം മനസ്സിൽ വരച്ചിട്ടിരുന്ന പരിപക്വതയുടെ ചിത്രങ്ങൾ എന്തുമാകട്ടെ, ഇന്നു ലഭിക്കാവുന്നതു സ്വീകരിക്കുന്നു; സന്തുഷ്ടരാകുന്നു.

ലോകാരംഭംമുതൽ ഇവിടെ പരിപക്വതമാത്രം, പൂർണതമാത്രം തേടിയിരുന്ന ധാരാളംപേർ ജീവിച്ചു മരിച്ചിട്ടുണ്ട്. അവർ അവരുടെ ജീവിതം നരകതുല്യമാക്കി. അവർ സത്യത്തിൽ സന്തുഷ്ടജീവിതത്തിനു ബോംബിടുന്നവരാണ്. അവർ എപ്പോഴും ഖേദവും അമർഷവും അസംതൃപ്തിയും നിരാശയും അനുഭവിക്കുന്നവരായിരിക്കും. അവർ നിരന്തരം തേടിയത് എല്ലാം തികഞ്ഞ, നൂറിൽ നൂറ് എന്നു വിശേഷിപ്പിക്കാവുന്ന കാര്യങ്ങളാണ്. അതവസാനം പരിണമിച്ചതോ, വലിയ വിഡ്ഢിത്തമായിട്ടും. മനഃശാസ്ത്രജ്ഞമാർ ഈ മനോഭാവത്തെ 'മാക്സിമൈസേഷൻ മൈൻഡ്സെറ്റ്' എന്നാണ് വിശേഷിപ്പിക്കുന്നത്. ഏതായാലും കാര്യം വിനാശകരമാണ്. കുടുംബങ്ങളിൽ എല്ലാവരും നൂറുശതമാനം തൃപ്തികരമായി പെരുമാറിക്കൊള്ളണമെന്നില്ല. ആരും എല്ലാം തികഞ്ഞവരല്ല എന്നു നമുക്കറിയാം. അപ്പോൾ പിന്നെ സൽഗുണസമ്പന്നരെപ്പോലെ അനുയോജ്യമായിത്തന്നെ എല്ലായ്പ്പോഴും എല്ലാവരും പെരുമാറണം എന്ന നിർബന്ധം ശരിയാണോ? കുടുംബാന്തരീക്ഷം അലങ്കോലപ്പെടുത്തുന്നത് ഇങ്ങനെയുള്ള പ്രതീക്ഷകൾ കൊണ്ടുനടക്കുന്നതുകൊണ്ടാണ്. പല സാമൂഹികശാസ്ത്രജ്ഞൻമാരും മനഃശാസ്ത്രപണ്ഡിതരും നമ്മെ ഓർമിപ്പിക്കുന്നു; എല്ലാവരും പക്വതയോടെമാത്രം പെരുമാറും എന്ന പ്രതീക്ഷ അസ്ഥാനത്താണെന്ന്. ജീവിതത്തിലുടനീളം പ്രായോഗികമായ ഒരു സമീപനം വേണം. കുറ്റങ്ങളും കുറവുകളും കാണും. യാഥാർഥ്യബോധത്തോടെ പരസ്പരം സ്വീകരിക്കുന്ന ഒരു മനോഭാവം ഉണ്ടാവണം.

നമ്മുടെ ജീവിതത്തിൽ ഏറെ പാളിച്ചകൾ സംഭവിച്ചിട്ടുണ്ടാകാം. ക്രിയാത്മകമായ ഒരു സമീപനമാണ് നമുക്കിവിടെ വേണ്ടത്. നാം ചെയ്തുതീർക്കുന്ന കാര്യങ്ങളിലെ ഗുണശ്രേഷ്ഠതയെക്കുറിച്ച് അമിതമായി വ്യാകുലരാകാതെ അതു കൂടുതൽ മെച്ചപ്പെടുത്താൻ ശ്രമിക്കാം. അതിലൊന്നും തെറ്റില്ല. പക്ഷേ, പൂർണതയ്ക്കുവേണ്ടിയുള്ള അമിതാവേശവും പരക്കംപാച്ചിലും വ്യഗ്രതയും ഉപേക്ഷിക്കണം.

---

കവിത — എം. എസ്. ചാമക്കാല



## എന്റെ ദൈവം

പാരിൽപ്പടർന്നേറും പാപത്തിൻ പാഴിരുൾ
പാടേ വിപാടനം ചെയ്തിടുവാൻ
കാലിത്തൊഴുത്തിൽ കതിരൊളി തൂകിടും
കാലത്തിൻ കാരണനെന്റെ ദൈവം

കന്മഷമൊട്ടും കലരാതെ ജാതയാം
കന്യാമറിയത്തിൻ തൃക്കൈകളിൽ
താലോലം താലോലമാടി മയങ്ങിടും
താരകപ്പൈതലാണെന്റെ ദൈവം

അമ്മിഞ്ഞപ്പാലു നുകർന്നുകൊണ്ടമ്മത-
ന്നാനനം നോക്കിച്ചിരിച്ചിരിക്കും
ആരോമലാണവനഖിലേശനാണവൻ
ആരാധ്യനാണവനെന്റെ ദൈവം

അമ്മതൻ തോളത്തിരുന്നുകൊണ്ടമ്പിളി-
യമ്മാവനെന്നൊരു കൈതവത്താൽ
നിത്യപിതാവിലേക്കാ വിരൽത്തുമ്പുകൾ
നീട്ടിത്തരുന്നവനെന്റെ ദൈവം

ആരാധനാലയവേദിയിൽ പങ്കുചേർ-
ന്നാഗമതത്ത്വങ്ങൾ ചർച്ച ചെയ്യും
കൗമാര്യനാണവനെങ്കിലും ജ്ഞാനത്തിൽ
സൗകുമാര്യൻതന്നെയെന്റെ ദൈവം

ആരുടെ കണ്ണിനുമാനന്ദം നല്കുന്നോ-
നാരുടെ കാതും തണുപ്പിക്കുന്നോൻ
ആരിലും കാരുണ്യം വാരിവിതറുന്നോ-
നാദരണീയനാണെന്റെ ദൈവം

അച്ഛനുള്ളിച്ഛകളേതും ഗ്രഹിച്ചതി
മെച്ചമായ്ത്തന്നെ തുണച്ചിരിക്കും
പയ്യനാണീശനാണെങ്കിലും വേലയിൽ
പയ്യനല്ലാത്തവനെന്റെ ദൈവം

കാനാപുരത്തിലെ കല്യാണവേളയിൽ
കന്യയാമമ്മതന്നാഗ്രഹത്താൽ
ഹാ! വെറും വെള്ളം രുചിയേറും മുന്തിരി
നീരാക്കിത്തീർത്തവനെന്റെ ദൈവം

രക്ഷകവീഥികൾ വിസ്തൃതമാക്കുവാ-
നക്ഷീണമാസ്ഥയാ വേലചെയ്യും
സ്നാപകയോഗീന്ദ്രമൗലിയിൽനിന്നുമായ്
സ്നാനം കൈക്കൊണ്ടവനെന്റെ ദൈവം

ദുഷ്കൃതം കൂടും ജഡത്തെ ജയിക്കുവാൻ
സത്കൃതമാർഗങ്ങൾ കണ്ടെടുക്കാൻ
ധ്യാനോപവാസത്തിൻ പ്രാധാന്യം താൻതന്നെ
മാനവർക്കേകിയോനെന്റെ ദൈവം

ഗ്ലീലാക്കടലിൽ വലയെറിഞ്ഞീടുന്നൊ-
രേഴകളെക്കൂട്ടി കൂട്ടരാക്കി
മർത്ത്യമത്സ്യം പിടിപ്പാനായ് സംസാര
സാഗരം താണ്ടിയോനെന്റെ ദൈവം

തീരാത്ത രോഗങ്ങൾ സാത്താന്റെ തിന്മകൾ
ഘോരാധി കുഷ്ഠഗണങ്ങളെല്ലാം
ചാരത്തു വന്നു നമിച്ചവരേവർക്കും
ദൂരസ്ഥനാക്കിയോനെന്റെ ദൈവം

(തുടരും)

ബാലനോവൽ 2

അന്തിനാട് ജോസ്



# കൊട്ടാരക്കെട്ടിലെ ഉറങ്ങാത്ത രാവുകൾ

**കൊട്ടാരകവാടത്തിൽനിന്ന്** പ്രജകൾ അത്യന്തം ആകാംക്ഷയോടെ കൊട്ടാരത്തിലേക്കു തന്നെ നോക്കിനിന്നു. എന്താണു സംഭവമെന്നറിയാതെ അവർ ഒന്നടങ്കം വേവലാതി പൂണ്ടു.

കൊട്ടാരത്തിലെ കാര്യസ്ഥന്റെ സംസാരത്തിൽനിന്നു മഹാരാജാവുതിരുമനസ്സിന് എന്തോ കാര്യമായ അത്യാഹിതം സംഭവിച്ചെന്നു ജനത്തിനു ബോധ്യമായി. അതോടെ പ്രജകളെല്ലാം വല്ലാതെ പരിഭ്രാന്തരായി.

മഹാരാജാവുതിരുമനസ്സിന് എന്തെങ്കിലും സംഭവിച്ചിരിക്കുമോ? തങ്ങളുടെ പ്രിയങ്കരനായ രാജാവിന്റെ നിലവിളി അവർക്കു സഹിക്കാവുന്നതിലും അപ്പുറമായിരുന്നു.

''ദൈവമേ, ഞങ്ങളുടെ രാജാവിനെന്തുപറ്റി?'' അവർ മാറത്തടിച്ചു നിലവിളിച്ചു. അവർ കാവൽക്കാരോട് വീണ്ടും ചോദിച്ചു: "പറയൂ ഞങ്ങളുടെ രാജാവിനെന്തു പറ്റി?"

''ഞങ്ങൾക്കൊന്നും അറിയില്ല.''

കാവൽക്കാർ പ്രധാന കവാടം വലിച്ചടച്ചു.

ആ സമയം കാര്യസ്ഥനും പരിവാരങ്ങളും 'തിരുമേനീ, തിരുമേനീ' എന്ന് അലറിവിളിച്ചുകൊണ്ട് വാതിലിൽ ആഞ്ഞിടിച്ചുകൊണ്ടിരുന്നു.

എത്ര ശ്രമിച്ചിട്ടും വാതിൽ തുറക്കാൻ കഴിയുന്നില്ല. അകത്തുനിന്ന് രാജാവ് വീണ്ടും അലറിക്കറഞ്ഞു.

"ഓടിവായോ, എന്നെ രക്ഷിക്കണേ, അല്ലെങ്കിൽ ഞാനീ തറയിൽ മരിച്ചുവീഴും..."

രാജാവിന്റെ രോദനം ചുറ്റും നിന്നവരുടെ ഹൃദയത്തിൽ ഒരു ഇരുമ്പാണി കയറ്റുന്ന പ്രതീതിയുണ്ടാക്കി.

"തിരുമേനീ, വാതിൽ തുറക്കൂ." അവർ ഒന്നടങ്കം വാതിലിലിടിച്ചു നിലവിളിച്ചു.

''തിരുമേനീ, അങ്ങേക്ക് എന്തുപറ്റി? തിരുമേനീ, ദയവുചെയ്ത് വാതിൽ തുറക്കൂ..."

അന്നും പതിവുപോലെ അത്യന്തം സന്തോഷത്തോടെയാണ് രാജാവ് നിദ്രപ്രാപിക്കാനായി പള്ളിയറയിൽ പ്രവേശിച്ചത്. പിന്നെന്തുപറ്റി?

ജീവിതത്തിൽ ഒരിക്കലും ഇത്ര ദയനീയമായി രാജാവ് പ്രാണനുവേണ്ടി ആരോടും കേണപേക്ഷിച്ചിട്ടില്ല. രാവിലെ എന്നും രാജാവ് പള്ളിയുറക്കം കഴിഞ്ഞ് എണീൽക്കുന്നതു പ്രസന്നവദനനായിട്ടായിരിക്കും. ഇന്നിതാ അർധരാത്രിയായപ്പോൾ തിരുമേനിക്ക് എന്തോ അപകടം വന്നുഭവിച്ചിരിക്കുന്നു.

"എത്രയും വേഗം തിരുമനസ്സിന്റെ രണ്ടു പുത്രന്മാരെയും വിളിച്ചുകൊണ്ടുവരൂ.... കാര്യസ്ഥൻ മേഘനാദൻ അലറുന്ന സ്വരത്തിൽ കല്പിച്ചു.



പെട്ടെന്ന് ആരോ കുമാരന്മാരുടെ സമീപത്തേക്ക് ഓടി. മേഘനാദൻ വല്ലാതെ വിയർത്തൊലിച്ചു. ശരീരം തളരുന്നതുപോലെ അയാൾക്കു തോന്നി.

അയാൾ അത്രയ്ക്ക് ആത്മാർഥമായി, അഗാധമായി വീരസേനമഹാരാജാവിനെ സ്നേഹിച്ചിരുന്നു. ''തിരുമേനീ, എന്റെ തിരുമേനീ,'' അയാൾ വാതിലിൽ ആഞ്ഞുചവിട്ടി. ആ സ്വരം രാവിന്റെ നിശ്ശബ്ദതയിൽ എങ്ങും മാറ്റൊലിക്കൊണ്ടു.

കൊട്ടാരക്കെട്ടിലെ പള്ളിയറയിൽ രാജാവിന് യാതൊരു അപകടവും സംഭവിക്കാൻ വഴിയില്ല. അവിടെ തിരുമേനിയല്ലാതെ മറ്റാരുമില്ല. തന്നെയുമല്ല, രാജാവിനു കാര്യമായ ആരോഗ്യപ്രശ്നങ്ങളൊന്നുമില്ല. നല്ല ബലമുള്ളതും നൂറു ശതമാനം സുരക്ഷിതവുമായ സ്വർണം പൂശിയ വാതിലുകളാണ് കൊട്ടാരത്തിനുള്ളത്.

പുറത്തുനിന്ന് ഒരു ശത്രുവിനും കൊട്ടാരത്തിന്റെ ഏഴയലത്തുപോലും അടുക്കാൻ പറ്റില്ല.

രാജാവിന്റെ നിലവിളിയുടെ സ്വരം പൊടുന്നനെ താണു. അലറിക്കരച്ചിലിന്റെ ശക്തി നേർത്തില്ലാതാവുകയാണ്. നാവു തളർന്ന പ്രതീതി.

''ന്റെമ്മോ! എന്റെ തിരുമേനീ, എന്തുപറ്റി? ദൈവമേ, അദ്ദേഹത്തിന് ഒന്നും വരുത്തല്ലേ...''

മേഘനാദൻ ഒരു ഭ്രാന്തനെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും ഓടാൻ തുടങ്ങി.

തിരുമേനിക്ക് എന്തോ കാര്യമായി സംഭവിച്ചിരിക്കുന്നു. അവിടുത്തെ സ്വരം വല്ലാതെ തളർന്നിരിക്കുന്നു.

രാജകുമാരന്മാർ ആഗതരാകുന്നതും നോക്കി ജനം ഒന്നടങ്കം ആകാംക്ഷയോടെ നിൽക്കേ, പെട്ടെന്ന് ഒരു കുതിരവണ്ടി പാഞ്ഞുവന്ന് കൊട്ടാരത്തിലെത്തി. വണ്ടിയിൽ മഹാരാജാവിന്റെ രണ്ടു പുത്രന്മാരുമുണ്ടായിരുന്നു. ജനം അവർക്കുവേണ്ടി വഴിമാറി. രണ്ടു രാജഭടന്മാരുടെ അകമ്പടിയോടെ അവർ കൊട്ടാരകവാടത്തിലും പിന്നെ രാജാവിന്റെ പള്ളിയറയുടെ മുമ്പിലുമെത്തി.

മൂത്ത രാജകുമാരൻ കാർഫിയൂസും അനുജൻ ദേവദത്തനും കൂടി അലറിവിളിച്ചു: "പിതാവേ, അങ്ങേക്ക് എന്തുപറ്റി? പറയൂ. ദൈവമേ, രക്ഷിക്കണേ."

ഇരുവരും വാതിലിൽ ആഞ്ഞുചവിട്ടുകയും തൊഴിക്കുകയും ചെയ്തു. എന്നാൽ ആർക്കും വാതിൽ തുറക്കാൻ കഴിഞ്ഞില്ല.

''എന്റെ ഹെലൻദേവീ; എന്റെ അച്ഛനൊന്നും വരുത്തല്ലേ.'' രണ്ടാമത്തെ കുമാരൻ മാറത്തടിച്ചു നിലവിളിച്ചു.

"എല്ലാവരും ചേർന്ന് വാതിൽ ഒന്നുകൂടി ചവിട്ടിത്തുറക്കാൻ ശ്രമിക്കാം... വരൂ..."

എല്ലാവരുംകൂടി സർവശക്തിയും സംഭരിച്ചു വാതിലിൽ ആഞ്ഞുതള്ളി. കുറേപ്പേർ ആഞ്ഞുചവിട്ടി. ആകാശംപോലും ഞടുങ്ങുന്ന സ്വരമുയർന്നു. പക്ഷേ, വാതിലിനു നേരിയൊരു ചലനംപോലും സംഭവിച്ചില്ല. ചവിട്ടിയവരിൽ രണ്ടുപേർ മലർന്നടിച്ചു നിലത്തു വീണതു മിച്ചം. ''അയ്യോ... ദൈവമേ, നാമിനി എന്തു ചെയ്യും? തിരുമേനിയെ എങ്ങനെ കാണും?'' കാർഫിയൂസ് നിരാശയോടെ തളർന്നു ഭിത്തിയിൽ ചാരിനിന്നു. പെട്ടെന്ന് മേഘനാദൻ പറഞ്ഞു: "എനിക്കിപ്പോൾ കാര്യം പിടികിട്ടി. വാതിൽ അകത്തുനിന്ന് ആരോ തഴുതിട്ടിരിക്കുകയാണ്. അല്ലെങ്കിൽ രാജാവുതിരുമനസ്സിനു വാതിൽ തുറക്കാൻ കഴിയുന്നില്ല..."

"ഭഗവാനേ, നമ്മളിനി എന്തു ചെയ്യും? എല്ലാവരും അന്യോന്യം പരിഭ്രാന്തരായി തുറിച്ചു നോക്കി നിന്നു. അപ്പോൾ മേഘനാദൻ പറഞ്ഞു: "വാതിലിനു മുകളിൽ കുറേ ഉയരത്തിൽ ഒരു ദ്വാരമുണ്ട്. വേഗം ഒരു കുതിരയെ കൊണ്ടുവരൂ. അതിനു പുറത്തുകയറിനിന്ന് അകത്തേക്കു നോക്കാം."

പെട്ടെന്ന് രാജാവിന്റെ നേർത്ത ഞരക്കംപോലും നിലച്ചു.

ഭടൻ പുറത്തേക്കോടി. നിമിഷങ്ങൾക്കകം ഒരു വലിയ വെള്ളക്കുതിര അവിടെയെത്തി. മേഘനാദൻ ദ്വാരത്തിലൂടെ നോക്കിയത് 'എന്റെ തിരുമേനീ' എന്നൊരലർച്ചയോടെ കുതിരപ്പുറത്തുനിന്നും താഴേക്കുപതിച്ചതും ഒന്നിച്ചുകഴിഞ്ഞു.

(തുടരും)

# നഷ്ടം

കുടുംബവിളക്ക് 43



ഫാ. തോമസ് പാട്ടത്തിൽചിറ CMF

**ന**ഷ്ടങ്ങളെക്കുറിച്ചുള്ള അടിസ്ഥാനബോധ്യങ്ങളിൽ അനുദിനം ആഴപ്പെടാൻ ക്രൈസ്തവകുടുംബങ്ങൾക്കു കഴിയണം. ഏതെങ്കിലും തരത്തിലുള്ള നഷ്ടങ്ങളുടെ കയ്പറിയാത്ത കുടുംബമുണ്ടാകില്ല. താങ്ങാനാവുന്നവയും അല്ലാത്തവയുമായ പല കൈവിട്ടുപോകലുകളുടെയും കണ്ണീർക്കുറിപ്പുകൾ കുടുംബപുസ്തകത്തിൽ കണ്ടേക്കാം. നസ്രത്തിലെ തിരുക്കുടുംബംപോലും പുത്രനഷ്ടത്തിന്റെ വേദന ഏതാനും ദിവസത്തേക്ക് അനുഭവിച്ചതാണ്. നഷ്ടങ്ങൾ നമ്മുടെ കണ്ണു കലക്കും, മനസ്സു മരവിപ്പിക്കും. പക്ഷേ, അവയില്ലാതെയുള്ള ജീവിതവും അസാധ്യമാണ്. ഇത്തരമൊരു അവസ്ഥയിൽ നാം അറിഞ്ഞോ അല്ലാതെയോ നമുക്കു ഭവിക്കുന്ന നഷ്ടങ്ങളെ യാഥാർഥ്യബോധത്തോടെ അംഗീകരിക്കുകമാത്രമേ നിവൃത്തിയുള്ളൂ. അങ്ങനെയാവുമ്പോൾ, അവയെ സ്വീകരിക്കുന്ന രീതി ഏറെ നിർണായകമാണ്. വന്നുപോയ നഷ്ടങ്ങളുടെ പേരിൽ ജീവിതം മുഴുവൻ നശിച്ചു എന്നു കരുതുന്നവർക്കു ശിഷ്ടകാലം കെട്ടുപോയ ഒരു വിളക്കുമാത്രമായിരിക്കും. എന്നാൽ, നഷ്ടങ്ങളെ തിരിച്ചറിവുകളുടെ താളുകളാക്കി വായിച്ചെടുക്കുന്നവർക്ക് പ്രത്യാശയുടെ പുലർവെട്ടത്തിലേക്കു മിഴികളെറിയാനാവും. ആത്മാഭിമാനത്തിനും കുടുംബത്തിന്റെ സൽപ്പേരിനുമൊക്കെ നഷ്ടങ്ങൾ മങ്ങലേല്പിച്ചെന്നുവരാം. അങ്ങനെയുള്ള അവസരങ്ങളിൽ കുടുംബാംഗങ്ങൾ ഒരുമിച്ചു നില്ക്കേണ്ടത് അനിവാര്യമാണ്.

വന്നുപോയ ഒരു നഷ്ടത്തിന്റെയും പേരിൽ ഭവനാംഗങ്ങൾ ഒരാളും ഒറ്റപ്പെടാൻ ഇടയാകരുത്. നഷ്ടങ്ങൾ നല്കുന്ന നൊമ്പരങ്ങളിലും ദൈവം ഇച്ഛിക്കുന്ന ചില ഉപരിനന്മകൾ ദർശിക്കാൻ സാധിക്കുമ്പോൾ നിരാശയും കണ്ണീരുമൊക്കെ താനേ വറ്റിപ്പോകും. അപ്പോൾ ചില നഷ്ടങ്ങൾ നന്നായിരുന്നു എന്നും തോന്നാം. കുന്നിനൊരു കുഴിയും പ്രദോഷത്തിനൊരു പ്രഭാതവും പ്രകൃതി കല്പിച്ചിട്ടുണ്ട്. നഷ്ടങ്ങളുടെ നീലക്കാറു മാറി നേട്ടങ്ങളുടെ നീലമാനം തെളിയും എന്ന ശുഭപ്രതീക്ഷയോടെ മുന്നോട്ടുപോകുന്ന കുടുംബങ്ങളിൽ ആനന്ദത്തിന്റെ അശ്രുമഴ തോരാതെ പെയ്യുമെന്നത് അച്ചട്ടാണ്. നഷ്ടങ്ങളെ കഷ്ടങ്ങളായി കാണാതെ ഇഷ്ടപ്പെടാനുള്ള കരുത്തു കാട്ടുന്നവർക്ക് അവയോരോന്നും നല്കുന്ന പാഠങ്ങളിൽനിന്ന് ഊർജം ആർജിച്ചുകൊണ്ട് ധീരമായ ചുവടുകൾ വയ്ക്കാൻ അനായാസം സാധിക്കും. അങ്ങനെയുള്ളവർക്കുമാത്രമേ നഷ്ടങ്ങളെ തോല്പിക്കാനാവൂ. വീണ്ടുകിട്ടാനാവാത്തവിധം ഒന്നും കൈവിട്ടുപോകുന്നില്ലെന്നും തിരികെവരാനാവാത്തവിധം ആരും അകന്നുപോകുന്നില്ലെന്നുമുള്ള സുവിശേഷങ്ങളിലെ ചില കഥാപാത്രങ്ങളുടെ അനുഭവസാക്ഷ്യങ്ങൾ ക്രൈസ്തവകുടുംബങ്ങൾക്ക് അനുനിമിഷം പ്രചോദനമേകട്ടെ.

*'അവൻ നഷ്ടപ്പെട്ടിരുന്നു. ഇപ്പോൾ വീണ്ടുകിട്ടിയിരിക്കുന്നു.*

*(ലൂക്കാ. 15:24)*




**ഒക്ടോബർ 27**
**ഏലിയാ - സ്ലീവ - മൂശക്കാലം**
**പത്താം ഞായർ**
**(മൂശ മൂന്നാം ഞായർ)**

**നിയ 11:1-7**
**ജ്ഞാനം 6:1-10**
**1 തെസ 5:12-24**
**മത്താ 12:22-32**

# രക്ഷയും ശിക്ഷയും



ഫാ. ഡോ. തോമസ് വടക്കേൽ



**പ**ത്ത് ആഴ്ചകൾ നീണ്ട ഏലിയാ-സ്ലീവ-മൂശക്കാലം അവസാനിക്കുകയാണ്. കർത്താവിന്റെ രണ്ടാം വരവ്, സ്വർഗം, നരകം, രക്ഷ, ശിക്ഷ, വിധി, ഉത്ഥാനം, നിത്യജീവിതം തുടങ്ങിയ യുഗാന്ത്യോന്മുഖമായ വിഷയങ്ങളെക്കുറിച്ച് വചനത്തിന്റെ അടിസ്ഥാനത്തിൽ നാമെല്ലാവരും ധ്യാനിച്ചു. നന്മയുടെ വഴിയേ ചരിക്കുന്നവർക്കു രക്ഷയും തിന്മയുടെ വഴിയേ പോകുന്നവർക്കു ശിക്ഷയും എന്ന ദർശനമാണ് ഇന്നത്തെ വായനകളുടെ പൊതുപ്രമേയം.

ഒന്നാം വായനയിൽ (നിയമ. 11:1-7) ദൈവമായ കർത്താവിനെ സ്നേഹിക്കേണ്ടതിനെക്കുറിച്ചും അവിടുത്തെ കല്പനകളും ചട്ടങ്ങളും അനുസരിക്കേണ്ടതിനെക്കുറിച്ചും; രണ്ടാം വായനയിൽ (ജ്ഞാനം 6:1-10) നീതിയിൽ വ്യാപരിക്കാനും ധാർമികമായി ജീവിക്കാനും വിശുദ്ധമായവ വിശുദ്ധിയോടെ കൈകാര്യം ചെയ്യാനുമുള്ള ദൈവികാഹ്വാനത്തെക്കുറിച്ചും; മൂന്നാം വായനയിൽ (1 തെസ. 5:12-24) ക്രിസ്തീയകൂട്ടായ്മയിൽ ജീവിക്കുമ്പോൾ ഒരാൾ അനുവർത്തിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള പൗലോസ് ശ്ലീഹായുടെ നിർദേശത്തെക്കുറിച്ചും; നാലാം വായനയിൽ (മത്താ. 12:22-32) അന്തശ്ഛിദ്രമുള്ള ഏതു നഗരവും ഭവനവും നേരിടേണ്ടിവരുന്ന നാശത്തെക്കുറിച്ചും നാം ശ്രവിക്കുന്നു.

**നിയമാവർത്തനം 11:1-7:** രക്ഷ കരഗതമാക്കാൻ ഇസ്രയേൽ ജനം ചെയ്യേണ്ടത് രണ്ടു കാര്യങ്ങളാണ് - ദൈവത്തെ 'സ്നേഹിക്കുക', അവിടുത്തെ അനുസരിക്കുക. ഹീബ്രുഭാഷയിലെ 'അഹെബ്' (aheb) എന്ന പദത്തിന്റെ അർഥം 'സ്നേഹിക്കുക' എന്നാണ്. ഇത് ദൈവത്തോടുള്ള ഒരാളുടെ 'അഗാപ്പെ' ആണ്. ദൈവത്തോടുള്ള വിശ്വസ്തതയാണിത്. 'ഷമർ' (shamar) എന്ന ഹീബ്രുപദത്തിന്റെ അർഥം 'അനുസരിക്കുക' എന്നാണ്. ദൈവത്തോടുള്ള സ്നേഹത്തിന്റെ പ്രതികരണമാണിത്. അവിടുത്തോടുള്ള വിശ്വസ്തതയാണിത്. ദൈവത്തെ യഥാർഥത്തിൽ സ്നേഹിക്കുന്ന ഒരാൾക്കു മാത്രമേ അവിടുത്തെ ചട്ടങ്ങളും നിയമങ്ങളും കല്പനകളും പാലിക്കാൻ സാധിക്കുകയുള്ളൂ.

ദൈവികസ്വരത്തിനു ചെവികൊടുക്കാതെ, അവിടുത്തെ കല്പനകളെ ചോദ്യം ചെയ്തവർക്ക് 'ശിക്ഷ' നേരിടേണ്ടിവന്നു. തെറ്റു ചെയ്യുന്നവരോടു മുഖംനോട്ടമില്ലാതെ നീതിയായി കർത്താവ് പ്രവർത്തിക്കുമെന്ന കാര്യത്തിൽ ചില തെളിവുകളാണ് ഈ വചനഭാഗത്തു നൽകിയിരിക്കുന്നത്. കഠിനഹൃദയനായ ഫറവോയുടെമേലും ഈജിപ്തുകാരുടെ മേലും അയച്ച മഹാമാരികളും, ഇസ്രയേലിനെ പിന്തുടർന്ന ഈജിപ്തുകാരുടെ സൈന്യത്തെയും അവരുടെ കുതിരകളെയും ചെങ്കടലിലെ വെള്ളം കൊണ്ടു മൂടിയതും (പുറ. 14:7) എല്ലാം വിവിധങ്ങളായ ഉദാഹരണങ്ങളാണ്.

**ജ്ഞാനം 6:1-10:** ജ്ഞാനസാഹിത്യത്തിന്റെ ശൈലിയിൽ രാജാക്കന്മാർക്കും ന്യായാധിപന്മാർക്കുമുള്ള ഉപദേശങ്ങളാണ് ഈ വായനയിലുള്ളത്. 'രാജാക്കന്മാരേ, ഭൂപാലകരേ,' എന്ന അഭിസംബോധനയോടെ ആരംഭിക്കുന്ന വചനഭാഗത്ത് അവരുടെ അധികാരവും സാമ്രാജ്യവും എവിടെനിന്നു വരുന്നുവെന്ന് ആദ്യം അവരെ ഓർമിപ്പിക്കുന്നു: നിങ്ങളുടെ സാമ്രാജ്യം കർത്താവിൽനിന്നു ലഭിച്ചതാണ്; അധീശത്വം അത്യുന്നതനിൽനിന്നാണ് (6:3). യഥാർഥ അധികാരത്തിന്റെയും രാജത്വത്തിന്റെയും ഉറവിടം ദൈവമാണ്, നീതിയുടെ കാവൽക്കാരനായ ദൈവമാണ് മനുഷ്യന്റെ എല്ലാ പ്രവൃത്തികളെയും വിലയിരുത്തുന്നതും വിധി നിശ്ചയിക്കുന്നതും. നിയമം പാലിക്കാത്തവർക്കും ശരിയായി ഭരിക്കാത്തവർക്കും 'ശിക്ഷ' ലഭിക്കും.

ഉന്നതമായ സ്ഥാനം വഹിക്കുന്നവർക്കു ദൈവസന്നിധിയിൽ ഉന്നതമായ ഉത്തരവാദിത്വങ്ങളുണ്ട്. ഉത്തരവാദിത്വത്തിലെ വീഴ്ചകൾ ഗുരുതരമായ 'ശിക്ഷ' വിളിച്ചുവരുത്തും. വലിയവന്റെ സ്ഥാനത്തെയല്ല കർത്താവു പരിഗണിക്കുന്നത്; മറിച്ച്, അവന്റെ ഉത്തരവാദിത്വത്തിന്റെ നീതിപൂർവകമായ നിർവഹണത്തെയാണ്. എല്ലാവരെയും ഒന്നുപോലെ പരിഗണിക്കുന്ന ദൈവം പ്രബലനെ കർശനമായി വിചാരണ ചെയ്യും. കാരണം, കൂടുതൽ നൽകപ്പെട്ടവനോടു കൂടുതൽ ആവശ്യപ്പെടും.

ഏകാധിപതികളായിരിക്കുന്നവരോടു ജ്ഞാനം അഭ്യസിക്കാനാണ് ഇവിടത്തെ ആഹ്വാനം. 'സോഫിയ' (sop-hia) എന്ന ഗ്രീക്കുപദത്തിന്റെ അർഥം 'ജ്ഞാനം, വിവേകം, അറിവ്, വെളിവ്' എന്നൊക്കെയാണ്. ഒരു ഭരണാധിപനുണ്ടായിരിക്കേണ്ട ഗുണങ്ങളാണിവ. നീതി പാലിക്കുന്നവൻ ജ്ഞാനത്തെ സ്നേഹിക്കണം. ദൈവികമായ കാര്യങ്ങൾ ചെയ്യുന്നവർ അതു വിശുദ്ധിയോടെ ചെയ്യണം. 'ഹോസിയോസ്' (hosios) എന്ന ഗ്രീക്കുപദത്തിന്റെ അർഥം 'ദൈവത്തിനു പ്രീതികരമായ വിധത്തിൽ' എന്നാണ്.

**1 തെസലോനിക്ക 5:12-24:** ക്രൈസ്തവജീവിതം നയിക്കുന്നവർ എപ്രകാരമുള്ള ജീവിതശൈലിയാണു സ്വീകരിക്കേണ്ടതെന്ന് പൗലോസ്ശ്ലീഹാ തന്റെ ധാർമികപ്രബോധനങ്ങളിൽ പഠിപ്പിക്കുന്നുണ്ട്. ദൈവശാസ്ത്രപ്രബോധനങ്ങളോടൊപ്പംതന്നെ 'ethical' ആശയങ്ങളും പൗലോസ് തന്റെ സഭാസമൂഹങ്ങൾക്കു നൽകുന്നു. ഇതൊരു exhortation ആണ്. സഭയുടെ വളർച്ചയ്ക്കും സഭാംഗങ്ങളുടെ നന്മയ്ക്കുമായിട്ടുള്ള ഉപദേശങ്ങളാണിവ.

**യഥാർഥ അധികാരത്തിന്റെയും രാജത്വത്തിന്റെയും ഉറവിടം ദൈവമാണ്, നീതിയുടെ കാവൽക്കാരനായ ദൈവമാണ് മനുഷ്യന്റെ എല്ലാ പ്രവൃത്തികളെയും വിലയിരുത്തുന്നതും വിധി നിശ്ചയിക്കുന്നതും.**

കൂട്ടായ്മയിലെ അധികാരസ്ഥാനത്തുള്ളവരെ അവരുടെ ഉത്തരവാദിത്വവും അധ്വാനവും പരിഗണിച്ച് എല്ലാവരും അവരോടു പരിഗണനയും ബഹുമാനവും കാണിക്കണമെന്നതാണ് ഒന്നാമത്തെ നിർദേശം (5:12-13). സഹോദരങ്ങളോടുള്ള സമീപനവും ജീവിതവും സമാധാനപൂർണമായിരിക്കണമെന്നതാണ് മറ്റൊരു നിർദേശം. പരസ്പരസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും പ്രതിഫലനമാണ് സമാധാനം. സഹിഷ്ണുതയും ക്ഷമയും കൂട്ടായ്മാജീവിതത്തിൽ അത്യന്താപേക്ഷിതമാണ്.

വ്യക്തിബന്ധങ്ങളിൽ പരസ്പരം നന്മ ചെയ്യണമെന്നതാണ് ശ്ലീഹായുടെ മറ്റൊരു നിർദേശം (5:11). ഒരാളുടെ പ്രവൃത്തി മറ്റൊരാൾക്കു സഹായകമായിരിക്കണം. 'അഗാത്തോസ്' (agathos) എന്ന ഗ്രീക്കുപദം ഇതാണു സൂചിപ്പിക്കുന്നത്. അപരന്റെ നന്മ,അവന്റെ വളർച്ച, അവന്റെ നേട്ടം അതെല്ലാമാണ് ഒരു ക്രൈസ്തവന്റെ പ്രവർത്തനങ്ങളിൽ ഉണ്ടാകേണ്ടത്. വ്യക്തിബന്ധത്തിന്റെ മേഖലകളിലാണ് സ്നേഹത്തിന്റെ കല്പന പൂർത്തിയാക്കേണ്ടത്.


തെസലോനിക്കാ സഭാംഗങ്ങളുടെ ആത്മീയവളർച്ചയും പൗലോസ് ആഗ്രഹിക്കുന്നുണ്ട്. ദൈവികാനന്ദത്തോടെ വ്യാപരിക്കാനും ദൈവത്തോടുള്ള സംഭാഷണത്തിൽ (പ്രാർഥന) മുന്നേറാനും എല്ലാറ്റിനും ദൈവത്തിനു നന്ദിയർപ്പിക്കാനും പൗലോസ് പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഒരു 'thanksgiving culture' രൂപപ്പെടുത്താനാണ് പൗലോസിന്റെ അഭിലാഷം.

**മത്തായി 12:22-32:** തന്റെ പരസ്യജീവിതശുശ്രൂഷയിൽ ഈശോ ധാരാളം അദ്ഭുതങ്ങൾ പ്രവർത്തിച്ചു. അന്ധർക്കു കാഴ്ചയും ബധിരർക്കു കേൾവിശക്തിയും തളർവാതരോഗിക്കു സൗഖ്യവും പിശാചുബാധിതനു വിമോചനവും രക്തസ്രാവക്കാരി സ്ത്രീക്കു രോഗമുക്തിയും ഊമനു സംസാരശക്തിയും അവിടുന്നു നൽകി. ദൈവികമായ അടയാളങ്ങൾ അനേകരെ ഈശോയിലേക്കടുപ്പിച്ചു. അവർ ഈശോയെ അംഗീകരിച്ചു. ഈശോയെ അംഗീകരിക്കാൻ തയ്യാറാകാതിരുന്ന യഹൂദസമൂഹത്തിലെ ഫരിസേയർ ജനത്തിന്റെ ഈ മാറ്റത്തെ അംഗീകരിച്ചില്ല; മാത്രവുമല്ല, ഈശോ പ്രവർത്തിക്കുന്ന അദ്ഭുതങ്ങളുടെ സ്രോതസ്സ് പിശാചുക്കളുടെ തലവനായ ബേൽസബൂലാണെന്ന് അവർ പറഞ്ഞു. ഇവരോടുള്ള ഈശോയുടെ മറുപടിയാണു വചനഭാഗത്തിന്റെ പശ്ചാത്തലം.

രണ്ടു തലങ്ങളിലാണ് അവരുടെ ആരോപണത്തിന് ഈശോ ഉത്തരം നൽകുന്നത്. ഒന്നാമത്, ഈശോ ഒരു പൊതുതത്ത്വം അവതരിപ്പിച്ചു: അന്തശ്ഛിദ്രമുള്ള ഏതു രാജ്യവും നശിച്ചുപോകും. അന്തശ്ഛിദ്രമുള്ള നഗരമോ ഭവനമോ നിലനിൽക്കുകയില്ല (12:25). 'സാത്താനാസ്' (satanas) എന്ന വാക്കിന്റെ അർഥം 'adversary of God' - ദൈവത്തിന് എതിരുനിൽക്കുന്നവൻ എന്നാണ്. അത്തരത്തിലുള്ള ഒരുവനോടു ഗൂഢാലോചന നടത്തിയാൽ ഈശോയുടെ രാജ്യം വിഭജിതമാകുകയേയുള്ളൂ; അത്, നിലനിൽക്കില്ല. അതിനാൽ, ഈശോയ്ക്ക് ബേൽസബൂലുമായി യാതൊരു ബന്ധവുമില്ല. രണ്ടാമത്, ഫരിസേയരുടെ പുത്രന്മാർ ആരെക്കൊണ്ടാണു പിശാചുബാധ ഒഴിപ്പിക്കൽ നടത്തുന്നതെന്നായിരുന്നു ഈശോയുടെ ചോദ്യം. ഈശോ പിശാചുക്കളെ ഒഴിപ്പിക്കുന്നത് അവിടുന്ന് പിശാചുക്കളെക്കാൾ ശക്തിയുള്ളവനായതുകൊണ്ടാണ്.

■

അനുഭവങ്ങളേ നന്ദി



സി. എൽ. ജോസ്

# കേരള സൈഗാൾ പാപ്പുക്കുട്ടി ഭാഗവതർ



**പ**ഴയകാലനാടകനടനും സംഗീതജ്ഞനും അനേകം അപൂർവസിദ്ധികളുടെ ഉടമയും കലാകേരളത്തിന്റെ അഭിമാനവുമായ ഒരു മഹാപ്രതിഭയാണ് 2020 ജൂൺ 22 ന് നിര്യാതനായ പാപ്പുക്കുട്ടി ഭാഗവതർ.

കുറെക്കാലമായി അദ്ദേഹത്തെ എനിക്കു നേരിട്ടറിയാം. രണ്ടുമൂന്നു വട്ടം എന്റെ വീട്ടിൽ വന്നിട്ടുണ്ട്. എന്നെ നന്നേ ഇഷ്ടമായിരുന്നു. ഞങ്ങൾതമ്മിൽ പ്രായംകൊണ്ട് ഏറെ അന്തരമുണ്ടെങ്കിലും അദ്ദേഹം എന്നെ സ്വന്തം അനുജനെപ്പോലെയാണു സ്നേഹിച്ചിരുന്നത്. എല്ലാ ജന്മദിനത്തിലും ഞാനദ്ദേഹത്തെ ഫോണിൽ വിളിച്ച് ആശംസകൾ അറിയിക്കുകയും ദീർഘായുസ്സു നേരുകയും ചെയ്യുമായിരുന്നു. 2020 മാർച്ച് 29 നും വിളിച്ചു. മകൻ സാബു ഫോൺ അദ്ദേഹത്തിനുകൊടുത്തു. ഭാഗവതരുടെ സ്വരം അങ്ങനെ അവസാനമായി കേൾക്കാൻ കഴിഞ്ഞു.

എഴുപത്തഞ്ചുവർഷംമുമ്പ് ഞാൻ സ്കൂളിൽ പഠിക്കുന്ന കാലത്താണ് അദ്ദേഹത്തിന്റെ ഒരു നാടകം ആദ്യമായി കാണുന്നത്. നാടകത്തിന്റെ പേര് 'പരദേശി.' യാചകവേഷമാണു ഭാഗവതർക്ക്. സംഗീതപ്രധാനമായ റോൾ. വിദ്യാർഥിയായിരിക്കുമ്പോൾത്തന്നെ എനിക്കു നാടകം കാണാനുള്ള ആവേശവും താത്പര്യവുമുണ്ടായിരുന്നു. വീട്ടുകാരോടു പറഞ്ഞും പറയാതെയും അക്കാലത്തു പല മികച്ച നാടകങ്ങളും തിയേറ്ററുകളിൽ പോയി കണ്ടിട്ടുണ്ട്. തൃശൂരിൽ മുഖ്യമായും നാടകങ്ങൾ തൃശൂർ ജോസ് തിയേറ്ററിലും തൃശൂർ ടൗൺ ഹാളിലുമായിരുന്നു.

പാപ്പുക്കുട്ടി ഭാഗവതർ അഭിനയിച്ച നാടകമാണ് ജോസ് തിയേറ്ററിൽ ഞാനന്നു കണ്ടത്. തന്റെ ശോഷിച്ച ശരീരപ്രകൃതിക്ക് നന്നേ ഇണങ്ങുന്നതായിരുന്നു 'പരദേശി'യിലെ യാചകന്റെ റോൾ, ഒരു ഭിക്ഷാപാത്രവും പിടിച്ച് ആ കഥാപാത്രം മന്ദ്രമധുരമായി സംഗീതമാലപിച്ചു ഭിക്ഷയാചിച്ചു നീങ്ങുമ്പോൾ പ്രേക്ഷകരുടെ ഭാഗത്തുനിന്നു ചിലർ ഒറ്റരൂപാ നാണയങ്ങളും മുൻനിരയിലിരിക്കുന്ന ചില പ്രമാണികൾ എഴുന്നേറ്റു നോട്ടുകളും സ്റ്റേജിലേക്ക് എറിയുമായിരുന്നു. അങ്ങനെ വീഴുന്ന നോട്ടുകളും നാണയങ്ങളും പാടുന്നതിനിടയിൽ പെറുക്കിയെടുത്തുകൊണ്ടു കഥാപാത്രം നീങ്ങുന്നു. അത് അക്കാലത്തെ ഒരു സ്റ്റൈലായിരുന്നു.

ഞാൻ കണ്ട 'യാചകി' എന്ന മറ്റൊരു നാടകത്തിൽ യുവതിയും സംഗീതവിദുഷിയുമായ മിസ്സിസ് തങ്കം വാസുദേവൻനായരാണ് ഭിക്ഷ യാചിച്ചു സ്റ്റേജിലൂടെ നടന്നു പാടിയത്. അന്നും നല്ലൊരു സംഖ്യ പിരിഞ്ഞു. അങ്ങനെ, സ്റ്റേജിൽ വന്നു വീഴുന്ന സംഖ്യ എത്രയാണെങ്കിലും ആ കളക്ഷൻ ആ കലാകാരനോ കലാകാരിക്കോ സ്വന്തമായി എടുക്കാവുന്നതാണ്. അക്കാലത്തെ ഏറ്റവും മികച്ച നാടകനടന്മാരും സംഗീതജ്ഞരുമായ സെബാസ്റ്റ്യൻ കുഞ്ഞുകുഞ്ഞു ഭാഗവതർ, അഗസ്റ്റിൻ ജോസഫ്, വൈക്കം വാസുദേവൻനായർ, സി.എം. പാപ്പുക്കുട്ടി ഭാഗവതർ എന്നിവർ പ്രായം കൊണ്ടും പ്രാഗല്ഭ്യംകൊണ്ടും ഏതാണ്ടു സമശീർഷരാണ്.

നാടകത്തിൽ പാപ്പുക്കുട്ടി ഭാഗവതർ സംഗീതം ആലപിച്ചുകൊണ്ടിരിക്കുമ്പോൾ, പലപ്പോഴും പ്രേക്ഷകരുടെ ഭാഗത്തുനിന്നു നാടകകഥയുമായി യാതൊരു ബന്ധവുമില്ലാത്ത മറ്റേതെങ്കിലും ഗാനമോ കീർത്തനമോ പാടാൻ വിളിച്ചുപറഞ്ഞ് ഒച്ചവയ്ക്കും. ആ സമ്മർദത്തിനു വഴങ്ങിയില്ലെങ്കിൽ, നാടകം മുമ്പോട്ടുപോകാൻ പറ്റാത്ത അവസ്ഥ വരും. അതുകൊണ്ട് കാണികളുടെ ആഗ്രഹത്തിനു വഴങ്ങി തെല്ലും ഔചിത്യമില്ലെങ്കിലും സീനിന്റെ ഇടയിൽ ഭാഗവതർ പാടും. 1940 കളിൽ ഹിന്ദി ചലച്ചിത്രലോകത്ത് ആത്മാവിന്റെ വീണാതന്ത്രികളെ തൊട്ടുണർത്തിയ, വലിയ ഹിറ്റായിത്തീർന്ന ഒരു ഗാനമുണ്ട്. 'സിന്ധഗി' എന്ന ചിത്രത്തിൽ സൈഗാൾ പാടിയ 'സോജാ രാജകുമാരി' എന്ന അനശ്വരഗാനം. പ്രേക്ഷകരുടെ ആവശ്യാർഥം ഈ ഗാനവും ഭാഗവതർ അതിസുന്ദരമായി ആലപിക്കുമായിരുന്നു. അതോടെ 'കേരള സൈഗാൾ' എന്ന പേരു വീണു. പിന്നെ നാടകനോട്ടീസിലും പോസ്റ്ററുകളിലും 'കേരളസൈഗാൾ പാപ്പുക്കുട്ടി ഭാഗവതർ' എന്ന വിശേഷണവും കൊടുത്തുതുടങ്ങി.

പാപ്പുക്കുട്ടി ഭാഗവതർ ഏഴു വയസ്സിൽ രണ്ടാം ക്ലാസിൽ പഠിക്കുമ്പോൾ 'വേദമണി' എന്ന സംഗീതനാടകത്തിൽ ബാലനായകനായി പാടി അഭിനയിച്ചുകൊണ്ടാണ് തന്റെ അരങ്ങേറ്റം. അന്നു പ്രേക്ഷകർ ഹർഷാരവം മുഴക്കി അഭിനന്ദിച്ചു. കലയോടുള്ള അഭിനിവേശംനിമിത്തം പന്ത്രണ്ടുവയസ്സിൽ അദ്ദേഹം ഔപചാരികമായ വിദ്യാഭ്യാസം നിർത്തി. പിന്നീട്, രണ്ടു സംഗീതാധ്യാപകരുടെ കീഴിൽ അഞ്ചാറുവർഷം കർണാടകസംഗീതം അഭ്യസിച്ചു. തുടർന്ന്, ഷെവ. ആർട്ടിസ്റ്റ് പി. ജെ. ചെറിയാന്റെ 'മിശിഹാചരിത്രം' നാടകത്തിൽ അഭിനയിച്ചും പാടിയും പേരെടുത്തു. ആ നാടകത്തിൽ പങ്കെടുക്കാൻ ചെന്നപ്പോൾ ഭാഗവതർക്കു കൊടുത്തത് മഗ്ദലനമറിയത്തിന്റെ സ്ത്രീവേഷമായിരുന്നു. അതിൽ അത്യധികം സങ്കടവും നിരാശയുമുണ്ടായി തിരിച്ചുപോരാൻ ഒരുമ്പെട്ടതാണ്. ഒടുവിൽ റോളിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊടുത്തതോടെ വഴങ്ങി. നാടകം അരങ്ങേറിയപ്പോൾ ശ്രീ ചെറിയാന്റെ ക്രിസ്തുവിനോടൊപ്പം ഭാഗവതരുടെ മഗ്ദലനമറിയവും തിളങ്ങി.

തുടർന്ന്, കേശവദേവിന്റെ 'സുഹൃത്ത്' എന്ന നാടകത്തിൽ അഭിനയിച്ചു. പിന്നെ സമത്വം, സ്വാതന്ത്ര്യം, വിദ്യാർഥി, പരമാർഥം, തിക്കുറിശ്ശിയുടെ മായ, ടിപ്പുസുൽത്താൻ, പ്രേമഗാനം, ഭാഗ്യചക്രം, തെരുവുതെണ്ടി, ഇണപ്രാവുകൾ, ചിരിക്കുന്ന ചെകുത്താൻ, 19-ാം നൂറ്റാണ്ട്, ധീരസമാധി എന്നിങ്ങനെ ഒട്ടനവധി നാടകങ്ങളിൽ പങ്കെടുത്തു. കേരളത്തിൽ കന്യാകുമാരി മുതൽ കാസർകോടുവരെയും സംസ്ഥാനത്തിനു പുറത്ത് കൽക്കത്ത, ബോംബെ, പുനെ, ചെന്നൈ, ബംഗളൂരു എന്നിവിടങ്ങളിലും വർഷംതോറും ഭാഗവതരുടെ നാടകങ്ങൾ അരങ്ങേറിയിരുന്നു. മലയാളനാടകവേദിയിൽ മുപ്പതിലേറെ വർഷക്കാലം പാടുന്ന നായകനായി പ്രശോഭിച്ചു. ഏകദേശം പതിനയ്യായിരം വേദികളിൽ ഇദ്ദേഹത്തിന്റെ നാടകങ്ങളും സംഗീതക്കച്ചേരികളും അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്.

ഒരിക്കൽ ബോംബെയിൽ ഒരു കോളജ് ഓഡിറ്റോറിയത്തിൽ 'പരദേശി' നാടകം അവതരിപ്പിച്ച ദിവസം. നാടകസംഘാടകരുടെ പ്രത്യേക ക്ഷണം സ്വീകരിച്ച് അക്കാലത്തെ പ്രമുഖ ഹിന്ദി ചലച്ചിത്രനടന്മാരായ രാജ്കപൂർ, അശോക് കുമാർ, ജയരാജ് തുടങ്ങിയവർ നാടകം കാണാൻ എത്തിയിരുന്നു. അവർ മുൻനിരയിൽ ഉപവിഷ്ടരായി. കൈയിൽ ഭിക്ഷാപാത്രവുമായി യാചകവേഷത്തിൽ ഭാഗവതർ പാടി അഭിനയിക്കുന്നു. ആ സമയത്തു മലയാളിപ്രേക്ഷകരുടെ ഭാഗത്തുനിന്ന് 'സോജ' പാടണം എന്ന് ഉച്ചത്തിലുള്ള അഭ്യർഥന മുഴങ്ങി. അതിനു വഴങ്ങി ഭാഗവതർ 'സോജാ രാജകുമാരി' എന്ന ഹിന്ദിഗാനം സൈഗാൾ പാടിയ അതേ ഗാംഭീര്യത്തോടെ ശ്രുതിമധുരമായി ആലപിച്ചപ്പോൾ രാജ്കപൂറും അശോക് കുമാറും ജയരാജും വിസ്മയം പൂണ്ട്, ഹർഷപുളികതിരായി എഴുന്നേറ്റുനിന്നു കൈയടിച്ചതോടൊപ്പം നൂറിന്റെ നോട്ടുകളാണ് ഭിക്ഷാപാത്രത്തിലിട്ടുകൊടുത്തത്. പ്രേക്ഷകരുടെ ഭാഗത്തുനിന്ന് നോട്ടുകളും ഒറ്റരൂപാനാണയങ്ങളും സ്റ്റേജിലേക്കു വന്നുകൊണ്ടിരുന്നു. നാടകാനന്തരം എണ്ണിനോക്കിയപ്പോൾ 1750 രൂപയോളം ഉണ്ടായിരുന്നു. അത്യപൂർവമായൊരനുഭവം. ഇതു ഭാഗവതർ എന്നോടു നേരിട്ടു പറഞ്ഞതാണ്. അന്നത്തെ 1750 രൂപ! ഒരു പറ അരിക്ക് ഒരു രൂപമാത്രം വിലയുള്ള കാലം. ഞാൻ നാലാം ക്ലാസിൽ പഠിക്കുമ്പോൾ ഒരു രൂപ കൊടുത്ത് ഒരു പറ അരി വാങ്ങിയിട്ടുണ്ട്.

പാപ്പുക്കുട്ടി ഭാഗവതർ നാടകവേദിയിൽ മുപ്പതുവർഷം നിലകൊണ്ടു. ഇതിനിടയിൽ ഇരുപത്തഞ്ചോളം മലയാള ചലച്ചിത്രങ്ങളിൽ അഭിനയിച്ചു. ചിലതിൽ പിന്നണിഗായകനായി പാടി. നാടകരംഗത്തുനിന്നു പിൻവാങ്ങിയ ശേഷം കഥാപ്രസംഗത്തോടു കമ്പം തോന്നി ഏകദേശം മൂന്നു വർഷക്കാലം മുട്ടത്തുവർക്കിയുടെ 'പാടാത്ത പൈങ്കിളി' എന്ന പ്രസിദ്ധ നോവലിനെ കഥാപ്രസംഗരൂപത്തിലാക്കി ഭാഗവതർ അവതരിപ്പിച്ചു. കേരളമൊട്ടുക്ക് ഓരോ സ്ഥലത്തും നിറഞ്ഞ സദസ്സ് കഥാപ്രസംഗത്തെ അംഗീകരിച്ചു, ആസ്വദിച്ചു. കഥാപ്രസംഗത്തിൽനിന്നു പിന്തിരിഞ്ഞശേഷം കേരളത്തിന്റെ വിവിധഭാഗങ്ങളിൽ സംഗീതക്കച്ചേരികൾ നടത്തി. മാത്രമല്ല, സംഗീതവാസനയുള്ള കുട്ടികളെ ഏറെ താത്പര്യത്തോടെ സംഗീതം അഭ്യസിപ്പിച്ചു. അതിനുള്ള ആവേശവും ആരോഗ്യവും പ്രസരിപ്പും അദ്ദേഹത്തിനുണ്ടായിരുന്നു. അടുത്തകാലംവരെ അതു തുടർന്നു. ക്രമേണ ആരോഗ്യസ്ഥിതി മോശമായതോടെ അധ്യാപനം നിർത്തി.

കലാരംഗത്തു ഭാഗവതർ നൽകിയ സംഭാവനകളെ അംഗീകരിച്ചുകൊണ്ട് നിരവധി പുരസ്കാരങ്ങളും അംഗീകാരങ്ങളും അദ്ദേഹത്തെ തേടിയെത്തി. കേരള സംഗീതനാടക അക്കാദമി അവാർഡ്, അക്കാദമിയുടെ സ്പെഷൽ അവാർഡ്, സംസ്കൃതി അവാർഡ് എന്നിവ കൂടാതെ, ഫിലിം ക്രിട്ടിക്സ് അവാർഡും 'ചലച്ചിത്രപ്രതിഭ' എന്ന ബഹുമതിയും കെസിബിസിയുടെ അവാർഡും ലഭിച്ചു. ഞാൻ സംഗീതനാടക അക്കാദമിയുടെ ചെയർമാനായ ആദ്യവർഷംതന്നെ അദ്ദേഹത്തിന് അതുവരെ, അതായത്, 92 വയസ്സുവരെ ലഭിക്കാതിരുന്ന അക്കാദമിയുടെ ഉന്നതബഹുമതിയായ 2004 ലെ ഫെലോഷിപ്പ് സമ്മാനിച്ചു. സംസ്ഥാനസർക്കാരിന്റെ 2009 ലെ എസ്.എൽ.പുരം സദാനന്ദൻ സ്മാരകനാടകപുരസ്കാരവും (ഒരു ലക്ഷം രൂപയും ശില്പവും ബഹുമതിപത്രവും) ഭാഗവതർക്കു ലഭിക്കുകയുണ്ടായി. ഇതിന്റെ പേരിൽ തൃശൂരിലെ പ്രമുഖ കലാസാംസ്കാരിക സംഘടനയായ ഫൈൻ ആർട്സ് സൊസൈറ്റി അദ്ദേഹത്തെ തൃശൂർ റീജണൽ തിയേറ്ററിൽ വച്ച് ആദരിക്കുകയുണ്ടായി. അന്നുതന്നെ തൃശൂർ ചേതനാ മ്യൂസിക് കോളജിൽ അദ്ദേഹത്തിന്റെ ഒരു സംഗീതക്കച്ചേരിയുമുണ്ടായിരുന്നു. നൂറാംവയസ്സിൽ ചെന്നൈയിലെ ആശാൻ മെമ്മോറിയൽ ഹാളിൽ വച്ച് മറുനാടൻമലയാളികളുടെ വകയായി അദ്ദേഹത്തിന് ഉജ്ജ്വലമായ ഒരു സ്വീകരണം നൽകി. ആ പ്രായത്തിലും അന്ന് ഒരു സംഗീതക്കച്ചേരി നടത്തി കൈയടി നേടി.

അദ്ദേഹത്തിന് സംഗീതനാടക അക്കാദമിയുടെ ഫെലോഷിപ്പ് സമ്മാനിച്ചത് കുന്നംകുളം ടൗൺഹാളിൽവച്ച് അന്നത്തെ കേരളസാംസ്കാരികവകുപ്പു മന്ത്രി ശ്രീ. എ.പി. അനിൽകുമാറാണ്. ഫെലോഷിപ്പ് ലഭിച്ച വ്യക്തി മറുപടിപ്രസംഗം നടത്താറുണ്ട്. അതിനുപകരം ഭാഗവതർ 'സോജാ രാജകുമാരി' എന്ന ഹിന്ദിഗാനമാണ് ആലപിച്ചത്. അതിപ്രശസ്തനായ കെ. എൽ. സൈഗാൾ പാടി അനശ്വരമാക്കിയ അതേഗാനം അതേ പ്രൗഢിയോടും സ്വരമാധുരിയോടുംകൂടി ഭാഗവതർ പാടിയപ്പോൾ, തിങ്ങി നിറഞ്ഞ സദസ്സു കോരിത്തരിച്ചു. ഗാനത്തിനിടയിലും ഗാനം തീർന്നപ്പോഴും വമ്പിച്ച ഹർഷാരവവും കൈയടികളുമാണ് മുഴങ്ങിയത്. മന്ത്രിയും ആവേശപൂർവം കൈയടിച്ചു.

ഒരിക്കൽ ഞാനദ്ദേഹത്തോട് ആരോഗ്യരഹസ്യം ആരാഞ്ഞപ്പോൾ കിട്ടിയ മറുപടി: "ചിട്ടയായ ദിനചര്യകൾ, ജീവിതവിശുദ്ധി, നന്മനിറഞ്ഞ മനസ്സ്, തികഞ്ഞ ഈശ്വരവിശ്വാസം."

ജീവിതരേഖ: കൊച്ചി വൈപ്പിൻകരയിൽ തെക്കൻമാലിപ്പുറത്തു ചക്കാലയ്ക്കൽ മിഖായേലിന്റെയും അന്നയുടെയും മകനായി 1913 മാർച്ച് 29 ന് ജനിച്ചു. പരേതയായ ബേബിയാണ് ഭാര്യ. മക്കൾ: മോഹൻ ജോസ് (ചലച്ചിത്രനടൻ), സൽമ (ചലച്ചിത്ര പിന്നണിഗായിക), സാബു, ഷാദി, പരേതനായ ജീവൻ ജോസ്. മരുമക്കൾ: ഫെലീഷ്യ, കെ. ജി. ജോർജ് (ചലച്ചിത്ര സംവിധായകൻ), ഷൈനി സാബു, മണി.

ഭാഗവതരുടെയും എന്റെയും വീട്ടുപേര് ചക്കാലയ്ക്കൽ എന്നാണെങ്കിലും ഞങ്ങൾ ബന്ധുക്കളല്ല. ഇതു വെറും യാദൃച്ഛികത.

നാടകം, സിനിമ, കഥാപ്രസംഗം, സംഗീതം, സംഗീതാധ്യാപനം തുടങ്ങിയ വിവിധ മേഖലകളിൽ തന്റേതായ വ്യക്തിമുദ്ര ചാർത്തിയും കലാരംഗത്തു മറ്റാർക്കും അവകാശപ്പെടാനാവാത്ത സിദ്ധികൾ അയാളപ്പെടുത്തിയുമാണ് പാപ്പുക്കുട്ടി ഭാഗവതർ യാത്രയായത്. തന്റെ സംഗീതപാടവംകൊണ്ടും ആലാപനവൈശിഷ്ട്യംകൊണ്ടും ഒരു കാലഘട്ടത്തെ മുഴുവൻ കീടഴക്കിയ ഒരു അസാമാന്യപ്രതിഭയായിരുന്നു. 107-ാം വയസ്സിൽ അന്തരിച്ച അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കുമുന്നിൽ 92 കാരനായ ഈ എളിയ അനുജന്റെ ശോകപുഷ്പാഞ്ജലി.

# മനുഷ്യനിലൂന്നിയ ദൂരക്കാഴ്ചകൾ




ഡോ. റോഷ്നി സ്വപ്ന

"You told me, if immigrants could
enrich a country,
you didn't want to know
Our melting point and whether we
would shine
brighter than gold."

– എഹീലീ

**കൊ**റിയയുടെ സ്ത്രീസാഹിത്യം ഒരേസമയം മനുഷ്യനെയും സ്ത്രീജീവിതങ്ങളെയും ആവിഷ്കരിക്കുന്നുവെന്നു തെളിയിക്കുന്ന മികച്ച ചില കവികളെ അടുത്തകാലത്ത് വായിക്കാനിടയായി. അവരിൽ ശ്രദ്ധേയമായിത്തോന്നിയ കവിതകളാണ് എഹീലീയുടേത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ കൊറിയൻസാഹിത്യത്തിൽ സ്ത്രീകൾ തങ്ങളുടെ സാന്നിധ്യം തെളിയിച്ചുകഴിഞ്ഞു. എഹീലീയുടെ കവിതകളിൽ സ്ത്രൈണബിംബങ്ങൾമാത്രമല്ല ആവിഷ്കരിക്കപ്പെടുന്നത്. ഇതോടു ചേർത്തുവച്ചാണ് സമകാലിക കൊറിയൻഗദ്യത്തിലെ ഹാൻ കാങ്ങിന്റെ സാന്നിധ്യവും വായിക്കപ്പെടേണ്ടത്. ആധുനികതയും ഉത്തരാധുനികതയും കൊറിയൻ സ്ത്രീസാഹിത്യത്തെ ഒരു പുതിയ മുന്നേറ്റത്തിലേക്കു നയിച്ചു എന്നതിന്റെ തെളിവായി ഇവരുടെയടക്കമുള്ള കൊറിയൻസ്ത്രീരചനകൾ സാക്ഷ്യംവഹിക്കുന്നു.






'ഹ്യൂമൻ ആക്റ്റ്സ്' എന്ന നോവലിലൂടെ, ഹാൻ കാങ്, സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം നേടിയതോടെ ദക്ഷിണകൊറിയൻസാഹിത്യം ലോകവേദിയിൽ ഉന്നതമായ സ്ഥാനം നേടുകയാണ്. ദക്ഷിണകൊറിയ ഒരു സാംസ്കാരികശക്തികേന്ദ്രമായി മാറുന്നതിന്റെ സൂചനകൂടിയാണ് ആഗോളതലത്തിൽ തേടിവന്ന ഈ പുരസ്കാരം.

ഹാൻ കാങ്ങിന്റെ എഴുത്തുശൈലി ഒരേസമയം വാചാലവും ഋജുവുമാണ്. ഒരു കവിയായി തന്റെ എഴുത്തുജീവിതം ആരംഭിച്ച ഈ എഴുത്തുകാരി തന്റെ 'ദി വെജിറ്റേറിയൻ' എന്ന നോവലിൽ ഇങ്ങനെ എഴുതുന്നു:

"Time was a wave, almost cruel in its relentlessness."

മനുഷ്യജീവിതത്തെ ആകെ മൂടുന്ന ഈ സമയത്തെത്തന്നെയാണ് ഹാൻ കാങ് തന്റെ എഴുത്തിലൂടെ പിടിച്ചെടുക്കുന്നത്. മനുഷ്യന്റെ ജീവിതത്തിൽ ഇടപെടുന്ന ഹിംസയും ആ ഹിംസയെ എങ്ങനെ നശിപ്പിക്കാമെന്നും ഈ എഴുത്തുകാരിയുടെ കൃതികൾ ആലോചിക്കുന്നു. മറ്റൊരർഥത്തിൽ, മനുഷ്യന്റെ ഹിംസ ഒരു സാധ്യതയാണോ ബലഹീനതയാണോ എന്ന് ഇവർ ആലോചിക്കുന്നുണ്ട്.

"ഞാൻ കാത്തിരിക്കുകയാണ്
ആരും വരാനില്ല
ഞാനിവിടെ ഉണ്ടെന്ന് ആർക്കും
അറിയുമെന്നു തോന്നുന്നില്ല
പക്ഷേ, ഞാൻ കാത്തിരിക്കും"

എന്ന് ഹാങ് കാങ് എഴുതി. ചരിത്രം മനുഷ്യവംശത്തിനു സമ്മാനിച്ച ചില അഗാധദുഃഖങ്ങളെയും അവ ജീവിതത്തിൽ ഏല്പിക്കുന്ന ആഴത്തിലുള്ള മുറിവുകളെയും കാവ്യാത്മകമായ ഭാഷയിലേക്ക് അവർ പകർത്തി.

ഇംഗ്ലീഷിലേക്കു പരിഭാഷ വന്ന ഹാൻ കാങ്ങിന്റെ ആദ്യനോവലാണ് ദി വെജിറ്റേറിയൻ.

"Time was a wave, almost cruel in its relentlessness as it whisked her life downstream, a life she had to constantly strain to keep from breaking apart."

മൂന്നു ഭാഗങ്ങളാണ് വെജിറ്റേറിയൻ എന്ന നോവലിന്.

ആദ്യത്തേത്, യോങ്-ഹൈയുടെ തീരുമാനത്തെക്കുറിച്ചു വിവരിക്കുന്നു. ഒപ്പം, അവളുടെ കുടുംബത്തിന്റെ പ്രതികരണവും കാണിക്കുന്നു; രണ്ടാമത്തേത്, അവളുടെ സഹോദരീഭർത്താവിനെ പരാമർശിക്കുന്നു. മൂന്നാമത്തേത്, ഒരു കോസ്മെറ്റിക്സ് സ്റ്റോറിന്റെ മാനേജർ, കുടുംബത്തകർച്ചയിൽനിന്നുള്ള വീഴ്ചയെ നേരിടാൻ സ്വന്തം വഴി കണ്ടെത്താൻ ശ്രമിക്കുന്നു. മൂന്നുഭാഗങ്ങളിലും, ഒരു സമൂഹത്തിന്റെ ഏറ്റവും ദുർഘടമായ നിബന്ധനകൾക്കെതിരേ നീന്തുന്ന മനുഷ്യരെ കാണാം.

മുപ്പതോളം കൃതികൾ ഹാനിന്റേതായുണ്ട്. അവയിൽ ദി വെജിറ്റേറിയൻ, ദി വൈറ്റ് ബുക്ക്, ഹ്യൂമൻ ആക്ട് എന്നിവ കൂടുതൽ പ്രസക്തമാണ് എന്നുമാത്രം.

മനുഷ്യർ തമ്മിലുള്ള ഇഴയടുപ്പവും ആന്തരിക സമ്മർദങ്ങളും വേർപിരിയലുകളും ഹാൻ കാങ് ആവിഷ്കരിക്കുന്നു. കഥാപാത്രങ്ങളുടെ ഉള്ളകങ്ങളിലെ ഹിംസാത്മകതയെയും വികാരങ്ങളെയും പുറത്തെടുത്തു വിമർശനവിധേയമാക്കുന്നു. അവയുടെ ഭീകരമായ മുഖങ്ങളെക്കുറിച്ചു മുന്നറിയിപ്പുതരുന്നു.

ദക്ഷിണകൊറിയയിലെ മുതലാളിത്തത്തിന്റെ പരാജയശേഷമുള്ള സമൂഹത്തെ ഹാൻ കാങ്ങിന്റെ രചനകളിൽ നമുക്കു കണ്ടുമുട്ടാം.

"എനിക്കു സ്വപ്നങ്ങളുണ്ട്. നിനക്കറിയാം. സ്വപ്നങ്ങൾ!

ഞാൻ എന്നെത്തന്നെ അതിൽ ലയിപ്പിക്കുന്നു. ഞാനവയെ എന്നെ ആകെ മൂടാൻ അനുവദിക്കുകയാണ്. പക്ഷേ, സ്വപ്നങ്ങൾ അവിടെത്തന്നെ ഉണ്ടായിരിക്കണമെന്ന് എന്താണ് ഉറപ്പ്? നമുക്ക് എപ്പോഴെങ്കിലും ഉണരേണ്ടിവരുമല്ലോ"

എന്നാണു സ്വപ്നങ്ങളെയും യഥാർഥ്യത്തെയും കുറിച്ച് ഹാൻ കാങ് പറയുന്നത്.

പൂർണമായും യോങ് ഹേയുടെ പരിണതികൾ വെജിറ്റേറിയന്റെ ആഖ്യാനപരിസരത്തെയും അനുഭൂതിയിലേക്കു മാറ്റുന്നുണ്ട്. ശക്തമായ സംവേദനക്ഷമതയുള്ള ബിംബകല്പനകൾ, ദൃശ്യങ്ങൾ, ഭാഷയുടെ പ്രകോപനപരമായ സങ്കലനം എന്നിവയാണ് ഈ നോവലിൽനിന്നു നമുക്കു കിട്ടുന്ന അനുഭവം.

2015 ലാണ് ഡെബോറ സ്മിത്ത് 'ദി വെജിറ്റേറിയൻ' ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തത്. ഒരെഴുത്തുകാരി എന്ന നിലയിൽ ഹാനിന്റെ പ്രശസ്തിയും അതനുസരിച്ചു വളർന്നു. അടുത്തവർഷം അന്താരാഷ്ട്ര ബുക്കർ സമ്മാനത്തിന് നാമനിർദേശം ചെയ്യപ്പെട്ട ആദ്യത്തെ ദക്ഷിണകൊറിയൻ എഴുത്തുകാരിയായി അവർ.

'ഇരുണ്ട കറുപ്പ്' എന്ന കവിതയിൽ അവർ ഇങ്ങനെ എഴുതുന്നു:

"ഏതു സ്വപ്നമാണ്
അത്രമേൽ മനോഹരം?
ഏത് ഓർമയാണ് അത്രമേൽ ഉജ്ജ്വലം?
അമ്മയുടെ വിരലുകൾപോലെ
മഞ്ഞ്
എന്റെ കൺപീലികളിലൂടെ
ആഞ്ഞടിക്കുന്നു
തണുത്തുറഞ്ഞ കവിളുകളിൽ തട്ടി
വീണ്ടും അതേസ്ഥലത്ത് തഴുകി...
പെട്ടെന്നാകട്ടെ
നിന്റെ വഴി സ്വയം അന്വേഷിക്കൂ..."

ഒരുപക്ഷേ, തന്റേതുമാത്രമായ ഒരു എഴുത്തുവഴി കണ്ടെത്തിയെന്നത് ഹാൻ കാങ്ങിനെ സംബന്ധിച്ച് നൊബേൽസമ്മാനത്തിലേക്കുള്ള തെളിഞ്ഞ കുതിപ്പിന് ആക്കം കൂട്ടി എന്നു വേണം കരുതാൻ.

---

കവിത — സന്ധ്യ അരുൺ

## പളുങ്ക്



ബാല്യമൊളിപ്പിച്ച ചെപ്പിലെ
നീലയും പച്ചയും ചോപ്പും
പലവർണപ്പളുങ്കുഗോലികൾ.

ഒരു തുള്ളി നീലയിൽ
കടലുമാകാശവും
നുള്ളി നേദിച്ചപോൽ
നീർപ്പളുങ്കുകൾ.

കണ്ണാടിക്കവിളുകൾ,
കണ്ണെഴുതിയോരൊറ്റ-
ക്കണ്ണ്, കണ്ടു മോഹിച്ചാൽ
ഒളിച്ചുകളിക്കും തിളക്കം.

ബാല്യമതിലൊരു പളുങ്കുപോൽ
കാലമുരുളും
ദ്രുതചലനവേഗത്തിലെങ്ങോ
ഒളിച്ചുപോയ്, വാനത്തിലോ
നീലവസന്തവനത്തിലോ.

കുന്നിക്കുരുമണിക്കുന്നിലും
കുപ്പിവളപ്പൊട്ടിലും പിന്നെ
മണിമഞ്ചാടിമരച്ചോട്ടിലും
നിന്നെ തിരഞ്ഞു ഞാൻ.

എന്നിലെയെന്നിലും, എന്നും
ഇന്നലെയെ തേടിയലഞ്ഞു,
പിൻതിരിഞ്ഞു കരഞ്ഞു നിൻ
പിൻവിളി കാതോർത്തിരുന്നു.

ഹാ, കാലമേ നീയേതു
നിഗൂഢഗുഹയിലൊളിപ്പിച്ചുവച്ചെന്റെ
കളഞ്ഞുപോയ പളുങ്കുകൾ

നേർമൊഴി

# ഹൃദയസമ്പന്നനായ മുതലാളി



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

രാഷ്ട്രത്തലവന്മാർക്കും പ്രമുഖരായ രാഷ്ട്രീയനേതാക്കന്മാർക്കും സെലിബ്രിറ്റികൾക്കുംപോലും ലഭിക്കാത്ത വിധത്തിലുള്ള വലിയ ആദരവാണ് ഈയിടെ അന്തരിച്ച വ്യവസായപ്രമുഖൻ രത്തൻ ടാറ്റായ്ക്കു ലഭിച്ചത്. പത്മഭൂഷണും പത്മവിഭൂഷനും ലഭിച്ച വ്യക്തി എന്ന നിലയിലുള്ള ഔപചാരിക ആദരപ്രകടനം മാത്രമായിരുന്നില്ല ടാറ്റായുടെ നേർക്കുണ്ടായത്. ടാറ്റായെ രാജ്യം എല്ലാക്കാലത്തും ബഹുമാനത്തോടെ കണ്ടിരുന്നു. കാരണം, അദ്ദേഹം വെറുമൊരു വ്യവസായ ഇതിഹാസം മാത്രമായിരുന്നില്ല; പകരം, നവഭാരതശില്പികളിലൊരാൾ കൂടിയായിരുന്നു. ഇന്ത്യൻ വ്യവസായചരിത്രം രത്തൻ ടാറ്റായുടെ ജീവചരിത്രമായിരുന്നു എന്നു പറയത്തക്കവിധം അത്രമാത്രം രാജ്യപുരോഗതിയിൽ അദ്ദേഹത്തിന്റെ സാന്നിധ്യവും സംഭാവനകളുമുണ്ടായിരുന്നു.

രാജ്യത്തെ പുതുതലമുറമുതലാളിമാരുടെ പട്ടികയിൽ രത്തൻ ടാറ്റായുടെ പേര് വളരെ പിന്നിലാണ്. ടാറ്റായ്ക്കു മുകളിൽ ഏകദേശം 450 കോടീശ്വരന്മാർ രാജ്യത്തുണ്ട്. എന്നാൽ, അവരാരും ഇത്രമാത്രം അറിയപ്പെടുകയോ ആദരിക്കപ്പെടുകയോ ചെയ്യുന്നില്ല. കോടീശ്വരന്മാരുടെ പട്ടികയിൽ ടാറ്റാ പിന്നിൽ വരാൻ കമ്പനി സാമ്പത്തികമായി ക്ഷയിച്ചതുകൊണ്ടല്ല; പകരം, കമ്പനിയുടെ ഓഹരിയുടെ 66 ശതമാനത്തിലധികം ടാറ്റായുടെ ജീവകാരുണ്യട്രസ്റ്റുകളിൽ നിക്ഷേപിച്ചതുകൊണ്ടാണ്. കോടിക്കണക്കിനു പാവപ്പെട്ട മനുഷ്യർക്കാണ് സഹായം ലഭിക്കുന്നത്. ദുരിതാശ്വാസപ്രവർത്തനങ്ങൾമുതൽ വികസനപ്രവർത്തനങ്ങൾവരെ ടാറ്റായുടെ മേൽനോട്ടത്തിൽ നടക്കുന്നു. പത്തുലക്ഷം തൊഴിലാളികളാണ് ടാറ്റായ്ക്കു കീഴിലുള്ളത്. അത്രയും പേർക്കു തൊഴിൽ നൽകുന്നത് വലിയ വികസനപ്രവർത്തനവും അതു രാഷ്ട്രനിർമാണപ്രവർത്തനവുമായി കണക്കാക്കണം. പണമുണ്ടാക്കാൻ ബുദ്ധിയും ഭാഗ്യവും മതി. എന്നാൽ, അതു മറ്റുള്ളവർക്കു പ്രയോജനപ്പെടാനും നാടിന് ഉപകാരപ്പെടാനും അതിനു പിന്നിൽ ആർദ്രതമായ ഹൃദയവും വിശാലമായ മനസ്സും വേണം.

ഇപ്പോൾ എല്ലാ ബഹുരാഷ്ട്രക്കമ്പനികളും അവരുടേതായ രീതിയിൽ സാമൂഹികക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. അത് അവരുടെ സി.എസ്.ആർ.ഫണ്ട് ഉപയോഗിച്ചാണ്. കമ്പനിയുടെ ആദായത്തിന്റെ ചെറിയൊരു അംശംമാത്രമാണ് അതിനുവേണ്ടി മാറ്റിവയ്ക്കുക. കമ്പനിക്ക് അതുകൊണ്ട് നേട്ടമല്ലാതെ കോട്ടമൊന്നുമുണ്ടാകുന്നില്ല. മാത്രവുമല്ല, അതു കമ്പനിയുടെ ചെലവിൽ പെടുന്നതുകൊണ്ട് അതിനു നികുതിയിളവു ലഭിക്കുകയും ചെയ്യുന്നു. എന്നാൽ, രത്തൻ ടാറ്റായുടെ ജീവകാരുണ്യപ്രവർത്തനങ്ങളെ ഇതിനോടു താരതമ്യം ചെയ്യാനാവുകയില്ല. അദ്ദേഹം വരുമാനത്തിന്റെ സിംഹഭാഗമാണ് സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കുന്നത്.

സമ്പത്തുസമ്പാദനത്തെക്കുറിച്ചും അതിന്റെ വിനിയോഗത്തെക്കുറിച്ചും മൂല്യാധിഷ്ഠിതമായ ഒരു ദർശനം ലോകത്തിനു സമ്മാനിച്ചതിന്റെ പേരിൽക്കൂടിയാണ് ഇനി ലോകം രത്തൻ ടാറ്റായെ ഓർമിക്കുക. ഏതു മാർഗത്തിലും പണം വാരിക്കൂട്ടാൻ പാടില്ല സ്വന്തം ആവശ്യത്തിനുവേണ്ടിമാത്രം പണം ഉപയോഗിക്കാൻ പാടില്ല. സഹസ്രകോടീശ്വരനായിരുന്നെങ്കിലും ലളിതജീവിതമാണ് രത്തൻ ടാറ്റാ നയിച്ചത്. വീടും വാഹനവും വേഷവുമൊക്കെ സാധാരണക്കാരന്റേതുപോലെ. എന്നാൽ, ചിന്തയിലും ആസൂത്രണത്തിലും കാര്യനിർവഹണത്തിലും മറ്റെല്ലാവരെയുംകാൾ മുന്നിൽ. വിജയികളുടെ അടയാളമതാണ്.

ഭൗതികസമ്പത്തിൽ രത്തൻ ടാറ്റാ സൗഭാഗ്യവാനായിരുന്നെങ്കിലും വ്യക്തിപരമായ അനുഭവങ്ങളിൽ അദ്ദേഹം ദരിദ്രനായിരുന്നു. പല സംഭാഷണങ്ങളിലും അദ്ദേഹംതന്നെ പരോക്ഷമായി വെളിപ്പെടുത്തിയ വിവരമാണിത്. ജീവിതം പരിശോധിച്ചാൽ അതു ബോധ്യമാകും. ജനിച്ചത് അതിസമ്പന്നകുടുംബത്തിലായിരുന്നെങ്കിലും ദത്തന് പത്തു വയസ്സുള്ളപ്പോൾ മാതാപിതാക്കൾ വിവാഹബന്ധം പിരിഞ്ഞു. ആ ബാല്യം അങ്ങനെ അനാഥമായി. എങ്കിലും, മുത്തശ്ശി അവനെ ചേർത്തുപിടിച്ചു. മാതാപിതാക്കളുടെ നഷ്ടമറിയാതെ രത്തനെ അവർ വളർത്തി. മുത്തശ്ശി അവനു നൽകിയ നിർദേശങ്ങൾ അവന്റെ ജീവിതത്തെ രൂപപ്പെടുത്തി. “നീ ആരുടെയും മുമ്പിൽ തലകുനിക്കരുത്. പരാജയങ്ങളിൽ പതറരുത്. ആരോടും പരുഷമായി പെരുമാറരുത്. ധാർമികമൂല്യങ്ങളെ മുറുകെപ്പിടിക്കണം. എല്ലാവരോടും കാരുണ്യം കാണിക്കണം.” മുത്തശ്ശി നൽകിയ ഉപദേശം രത്തൻ ജീവിതാവസാനംവരെ മണിമുത്തുപോലെ കാത്തുസൂക്ഷിച്ചു.

ഉപരിപഠനത്തിനുവേണ്ടി രത്തൻ അമേരിക്കയിലെത്തി. എഞ്ചിനീയറിങ് പഠനം പൂർത്തിയാക്കി. ബിസിനസിനു സഹായകമാകുമല്ലോ എന്നു കരുതി ഹാർവാർഡ് ബിസിനസ് സ്കൂളിൽനിന്ന് എം.ബി.എ. സമ്പാദിച്ചു. ഇതിനിടയിൽ ഒരു പെൺകുട്ടിയുമായി അടുപ്പത്തിലായി. വിവാഹിതരാകാൻ നിശ്ചയിച്ചു. ആ സമയത്ത് മുത്തശ്ശിയുടെ വിളി വന്നു. ആരോഗ്യപ്രശ്നങ്ങളുണ്ട്. നാട്ടിൽ തിരിച്ചെത്തുക. മുത്തശ്ശി മറ്റാരെക്കാളും പ്രധാനപ്പെട്ട വ്യക്തിയായതുകൊണ്ട് നാട്ടിലെത്തി. അമേരിക്കക്കാരിയുമായുള്ള ബന്ധം മുറിഞ്ഞു. ഇന്ത്യയിൽ തിരിച്ചെത്തിയശേഷവും വിവാഹത്തിലേക്ക് എത്താവുന്ന വിധത്തിലുള്ള ആലോചനകൾ വന്നു. പക്ഷേ, ഒന്നും സംഭവിച്ചില്ല. അങ്ങനെ ഒരായുസ്സുമുഴുവൻ ഏകനായിക്കഴിഞ്ഞു. ആൾക്കൂട്ടത്തിനു നടുവിൽ നൊമ്പരപ്പെടുത്തുന്ന ഏകാന്തത. സമൃദ്ധിയുടെ നടുവിൽ ലളിതജീവിതം. മഹാത്മാവേ വിട!



കവിത — കാഞ്ചിയാർ മോഹനൻ



## പന്തം

ബാല്യത്തിലച്ഛനെ കാണുവാൻ
രാത്രിയിൽ, സൂക്ഷ്മമായ്
പാടത്തിനക്കരെ നോക്കുവാൻ,
അമ്മ ചൊല്ലുമ്പോഴകലത്തു കാണുന്നു
പൊട്ടുപോലച്ഛൻ പന്തമായക്കരെ.

പന്തമായച്ഛനിക്കരെയെത്തുമ്പോ
കൂർക്കമിട്ടങ്ങു ഞാൻ നന്നായുറങ്ങിടും.
നേരം പുലരുമ്പോളച്ഛനെ കാണില്ല
അമ്മ ചൊല്ലീടും, അച്ഛൻ പണിക്കുപോയ്.

എല്ലാം തരുന്നവനച്ഛനെന്നെമ്മ
ചെല്ലുമ്പോ,ളന്നൊക്കെ പുച്ഛമാണച്ഛനെ.
ഒന്നു കാണാനും, മടിയിലിരുത്താനും
പറ്റുകേലാത്തച്ഛനൊരച്ഛനോ?

ഇന്നുറങ്ങില്ല ഞാനച്ഛനെ കണ്ടിട്ടേ
ഇനിയുറങ്ങൂവെന്ന് അന്നും ശഠിക്കവേ,
ഒന്നുറങ്ങിപ്പോയി രാവിലെ നോക്കവേ
അച്ഛൻ കിടക്കുന്നു മുറ്റത്തു വെള്ളയിൽ

അമ്മ കണ്ണുനീർ തോരാതിരിക്കുന്നു
മുന്നിൽ ബന്ധുക്കളും മൂകരായ് നിൽക്കുന്നു.
അന്നൊന്നു കണ്ടു ഞാൻ അച്ഛൻ മുഖം ചാരെ
സൂര്യതാപം ഏറും കണ്ണിൽ കറുപ്പോടെ.

പിന്നെയിന്നലെ സ്വപ്നത്തിലച്ഛനെ
ഒന്നു കാണുന്നു പന്തമായക്കരെ,
പിന്നിലൊത്തിരി പന്തമായാൾക്കാരെ
മുന്നിൽനിന്ന് നയിച്ചച്ഛൻ പോകുന്നു.

ശ്രേഷ്ഠമലയാളം

# വേദിയും വേധിയും



ഡോ. ഡേവിസ് സേവ്യർ

വേദിന് എന്ന ധാതുവിൽനിന്നു നിഷ്പന്നമായ ഒരു നാമശബ്ദമാണ് വേദി. അറിയുന്നവൻ, ജ്ഞാനി, പണ്ഡിതൻ, ഗുരു തുടങ്ങിയ അർഥങ്ങൾ വേദി എന്ന ശബ്ദത്തിനുണ്ട്. വിശേഷണമായ ‘വേദി’ക്ക് അറിയുന്ന, വിവാഹം കഴിക്കുന്ന, വേൾക്കുന്ന എന്നിങ്ങനെയാണ് വിവക്ഷിതങ്ങൾ. ഇവ കൂടാതെ മറ്റൊരു വേദിയും സംസ്കൃതത്തിൽ ഉണ്ട്. “വിഗതാതർഭിഃഹിംസാ അസ്യാം ഇതിവേദീ”* ഇതിൽ ഹിംസ ഇല്ലാത്തതിനാൽ വേദി. ഹോമകുണ്ഡത്തിനു ചുറ്റുമായി കെട്ടിയുയർത്തിയ തറയാണ് ഇവിടെ വേദി. “വിദജ്ഞാനേ വേദീ” ** ഇതിലിരുന്നുകൊണ്ട് ജനങ്ങൾ സുഖത്തെ അറിയുന്നു. വേദിക്ക് വേദിക എന്ന പര്യായവും ഉണ്ട്. കലാപ്രകടനങ്ങൾക്കോ സഭാകാര്യങ്ങൾ നടത്തുന്നതിനോവേണ്ടി ഉണ്ടാക്കിയ ഉയർന്ന തട്ടിനും നടുവിലത്തെ അഗ്രങ്ങൾ അടുത്തടുത്തുവരത്തക്കവണ്ണം നിർമിക്കപ്പെട്ടിരിക്കുന്ന ബലിപീഠത്തിനും വേദി എന്നു പറയുന്നു. “മാനസനിളയിൽ പൊന്നോളങ്ങൾ/ മഞ്ജീരധ്വനിയുണർത്തി/ ഭാവനയാകും പൂവനി നിനക്കായ്/ വേദിക പണിതുയർത്തി”*** (ചിത്രം, ധ്വനി) എന്നു യൂസഫലി കേച്ചേരി വേദികയെ പരിചയപ്പെടുത്തിയിട്ടുണ്ടല്ലോ.

വേദിയിൽനിന്നു തികച്ചും ഭിന്നമായ വാക്കാണ് വേധി. വേധിന് എന്ന ധാതുവിൽനിന്നു രൂപപ്പെട്ട വേധിക്ക് തുളയ്ക്കുന്ന എന്നാണർഥം. വേധത്തിനും വേധനത്തിനും തുളയ്ക്കൽ എന്ന അർഥവും വരും. എന്നാൽ, വേദത്തിനും വേദനത്തിനും അറിവ്, ധാരണ തുടങ്ങിയ വിവക്ഷിതങ്ങളാണുള്ളത്. വേദി, വേധി എന്നീ രണ്ടു വാക്കുകളും തമ്മിലുള്ള രൂപവ്യത്യാസവും അർഥവ്യത്യാസവും അവധാനത്തോടെ മനസ്സിലാക്കണം. ഇല്ലെങ്കിൽ പരസ്പരം മാറിപ്പോകാം. വേദിയും വേധിയും തമ്മിലള്ള അന്തരം, വി.ആർ. പ്രബോധചന്ദ്രൻനായർ രസകരമായി അവതരിപ്പിച്ചിരിക്കുന്നത് ഇങ്ങനെ: “വേദി = അറിയുന്ന ആൾ; പ്ലാറ്റ് ഫോം. ദൃശ്യവേദി = ദൃശ്യകലകൾ അവതരിപ്പിക്കുന്ന രംഗം; ദൃശ്യകലകളെക്കുറിച്ച് അറിവുള്ള ആൾ; ലക്ഷ്യവേദി = ലക്ഷ്യം അറിയുന്ന. ലക്ഷ്യവേധി = ലക്ഷ്യം പിളർക്കുന്ന. വിദേശമലയാളികളുടെ നിരവധി സംഘടനകളിലൊന്നിന് ഭാരവാഹികൾ നൽകിയ പേര് മലയാളവേധി എന്നാണ്! മലയാളത്തെ പിളർക്കുന്നത് എന്നാണ് അതിനർഥം എന്ന് അവരിൽ ആരും ശ്രദ്ധിച്ചിരിക്കില്ല.”**** മൊഴിയും പൊരുളും നന്നാവാൻ ഇത്രയും കാര്യങ്ങൾ അറിഞ്ഞേ മതിയാവൂ.

* രാജഗോപാൽ, എൻ.കെ., സംസ്കൃതനിരുക്തകോശം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999, പുറം – 211.

** പരമേശ്വരൻ മൂസ്സത്, ടി.സി., അമരകോശം (പാരമേശ്വരീ) എൻ.ബി.എസ്., കോട്ടയം, 2013, പുറം–264.

*** യൂസഫലി കേച്ചേരി, അനുരാഗഗാനംപോലെ, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2007, പുറം – 215.

**** പ്രബോധചന്ദ്രൻ നായർ, വി.ആർ.ഡോ., എഴുത്തു നന്നാവാൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015, പുറം–84.

നോവൽ 17



# കിഴക്കൻകാറ്റ്

ഇഗ്നേഷ്യസ് കലയന്താനി

കഥാസാരം

ഒരു കുടുംബത്തിലെ അംഗങ്ങളെപ്പോലെ സ്നേഹിച്ചും സഹകരിച്ചും കഴിഞ്ഞ അയൽക്കാരായിരുന്നു സൂസമ്മയും സിസിലിയും. 20 വർഷംമുമ്പ് സിസിലിയുടെ കുടുംബം വീടുവിറ്റ് ഹൈറേഞ്ചിലേക്കു പോയി. പിന്നീട് തമ്മിൽ ബന്ധമുണ്ടായില്ല. സൂസമ്മയുടെ മകൻ ജയേഷിന്റെ കല്യാണത്തിനു ക്ഷണിക്കാൻ ചെന്നപ്പോഴാണ് വീണ്ടും കണ്ടുമുട്ടിയത്. ഭർത്താവിനെ ആന ചവിട്ടിക്കൊന്നതിനുശേഷം എട്ടുവർഷമായി സിസിലിയുടെ കുടുംബജീവിതം ദുരിതപൂർണമായിരുന്നു. സിസിലിയുടെ മകൾ എൽസയുടെ സംസാരവും പെരുമാറ്റവും ജയേഷിന് നന്നേ ഇഷ്ടമായി. ജയേഷിന്റെ വിവാഹം നടന്നു. ഭാര്യ വർഷ മോഡേൺ ചിന്താഗതിക്കാരിയായിരുന്നതിനാൽ പൊരുത്തപ്പെട്ടുപോകാൻ നന്നേ ബുദ്ധിമുട്ടി. ഒരു വണ്ടിയപകടത്തിൽ പരിക്കേറ്റ് എൽസയുടെ കാലിനു സ്വാധീനക്കുറവ് വന്നതിനാൽ മുടന്തിയാണ് അവൾ നടന്നിരുന്നത്. അതുകൊണ്ട് അവളുടെ വിവാഹം നടന്നില്ല. ഇടവകവികാരി ഫാദർ മാത്യു കുരിശിങ്കൽ പണം സംഘടിപ്പിച്ചുകൊടുത്ത്, സർജറി നടത്തി മുടന്തു മാറ്റി. സർജറി നടത്തിയ ഡോക്ടർ മനുവുമായി എൽസ സൗഹൃദത്തിലായി. എൽസയുടെ ക്ഷണം സ്വീകരിച്ച് ഡോക്ടർ മനു ഒരു ദിവസം എൽസയുടെ വീടു സന്ദർശിച്ചു. ഇതിനിടയിൽ വർഷ ഗർഭിണിയായി. ജയേഷും അമ്മയും ഒരുപാടു സന്തോഷിച്ചെങ്കിലും ഉടനെ ഒരു കുഞ്ഞു വേണ്ടെന്നായിരുന്നു വർഷയുടെ മനസ്സിൽ. അത് സ്വന്തം അമ്മയെ അറിയിച്ചു. ജയേഷ് അറിയാതെ അബോർഷൻ നടത്തി. ബാത്റൂമിൽ തെന്നിവീണ് അബോർഷനായി എന്നു ജയേഷിനോടു കള്ളം പറഞ്ഞു. ഫാദർ കുരിശിങ്കൽ സ്ഥലം മാറി പൂച്ചപ്പാറ ഇടവകയിലേക്കുപോയി.

(തുടർന്നു വായിക്കുക)

ഒരു ഞായറാഴ്ച രാത്രി എട്ടു മണി കഴിഞ്ഞ സമയം. വാട്ട്സാപ്പിൽ ഓരോന്നു നോക്കിക്കൊണ്ട് കട്ടിലിൽ കിടക്കുകയായിരുന്നു എൽസ. അടുക്കളയിൽ പാത്രങ്ങളെല്ലാം കഴുകിവയ്ക്കുന്ന തിരക്കിലായിരുന്നു സിസിലി. ആ സമയം എൽസയുടെ മൊബൈൽ ശബ്ദിച്ചു. നോക്കിയപ്പോൾ ഡോക്ടർ മനു തോമസ്. സന്തോഷത്തോടെ അവൾ ഫോൺ കാതോടുചേർത്തു.

"ഹലോ."

"എൽസയല്ലേ?"

"അതെ."

"സുഖാണോ?"

"ഉം."

"അന്ന് അവിടെവന്ന് പോന്നതിനുശേഷം വിളിക്കാൻ സമയം കിട്ടിയില്ല. ഇപ്പഴാ തിരക്കൊന്നൊഴിഞ്ഞത്. അന്നത്തെ ആ ചക്കപ്പുഴുക്കിന്റെയും ഇറച്ചിക്കറിയുടെയും രുചി ഇപ്പഴും നാവീന്നു പോയിട്ടില്ലാട്ടോ. ഇനീം ഞാൻ വരും; തരണം ട്ടോ."

"തീർച്ചയായും. ഡോക്ടർ എപ്പവേണേലും വന്നോളൂ. ഇഷ്ടമുള്ള ഫുഡ് ഉണ്ടാക്കിത്തരാം."

"ആ പാറപ്പുറത്തിരുന്ന് കാറ്റുകൊണ്ട് വർത്തമാനം പറഞ്ഞത് ഒരിക്കലും മറക്കാൻ പറ്റില്ല. എത്ര നല്ല സ്ഥലമാ."


"കാണാനേ കൊള്ളൂ. ജീവിക്കാൻ അത്ര സുഖമുള്ള സ്ഥലമല്ല. മഴക്കാലമായാൽ ഞങ്ങളുടെ ഉള്ളിൽ തീയാ."

"അതിപ്പം താഴ്വാരത്തായാലും ജീവിതം അത്ര സുരക്ഷിതമല്ലല്ലോ! 2018 ലെ പേമാരിയിൽ എത്ര വീടുകളാ മുങ്ങിപ്പോയത്. അതുപോട്ടെ, കാലെങ്ങനെയുണ്ട്? കുഴപ്പമൊന്നുമില്ലല്ലോ. ഓടിച്ചാടി നടക്കുന്നില്ലേ?"

"ഉം. ഒരു കുഴപ്പോം ഇല്ല."

"കല്യാണം വല്ലോം ആയോ?"

"ഇല്ല. ഈ മലമോളിൽ വന്ന് ആരു കെട്ടിക്കൊണ്ടുപോകാനാ." അതു പറഞ്ഞിട്ട് അവൾ ചിരിച്ചു.



"സമയമാവുമ്പം നടക്കും."

"അമ്മ സങ്കടപ്പെടുമ്പഴൊക്കെ ഞാൻ പറയുന്ന വാചകോം ഇതുതന്നെയാ."

"അവിടുത്തെ വിശേഷങ്ങളൊക്കെ പറ. കേൾക്കട്ടെ."

"ഇവിടെന്തു വിശേഷം! എന്നും രാവിലെ എണീക്കുന്നു. കാപ്പികുടികഴിഞ്ഞു പറമ്പിലെ ഓരോ പണികൾ ചെയ്യുന്നു. വൈകുന്നേരം കുളിച്ച് പ്രാർഥന ചൊല്ലുന്നു. കിടക്കാൻ നേരം വാട്സാപ്പിൽ ഓരോന്നു നോക്കുന്നു. ഉറക്കംവരുമ്പം ലൈറ്റണച്ചു കിടക്കുന്നു. ശനിയാഴ്ചയാണെങ്കിൽ ട്യൂഷൻ എടുക്കാൻ പോകുന്നു. ഞായറാഴ്ച വേദപാഠം പഠിപ്പിക്കാനും. അങ്ങനെയങ്ങു പോകുന്നു ജീവിതം."

"ജോലിക്കൊന്നും ശ്രമിക്കുന്നില്ലേ?"

"ശ്രമിക്കാഞ്ഞിട്ടല്ല. കിട്ടണ്ടേ! ഈ മലമോളിൽ ആരു ജോലി തരാനാ."

"എന്നാ എന്റെകൂടെ കൂടിക്കോ. എന്റെ സഹായിയായിട്ട്."

"വിളിക്കുമെങ്കിൽ വരും."

ഡോക്ടർ ചിരിച്ചതേയുള്ളൂ.

"അമ്മയ്ക്കു സുഖമല്ലേ?"

"ഉം."

"ഒന്നു കൊടുത്തേ."

എൽസ മൊബൈലുമായി അടുക്കളയിലേക്ക് ഓടി. വിവരം പറഞ്ഞിട്ട് അവൾ മൊബൈൽ അമ്മയ്ക്കു കൈമാറി.

"ഹലോ."

"സുഖാണോ അമ്മേ?"

"സുഖാണോന്നു ചോദിച്ചാൽ സുഖമല്ല. സുഖമല്ലേന്നു ചോദിച്ചാൽ സുഖാണ്."

"എൽസേടെ കല്യാണംകൂടിയൊന്നു നടന്നുകിട്ടിയാൽ സുഖമായി മോനേ."

"അതൊക്കെ നടക്കും അമ്മേ. സമയമാകുമ്പം എല്ലാം നടക്കും."

"മോനും അതിനുവേണ്ടി ഒന്നു പ്രാർഥിക്കണം കേട്ടോ."

"തീർച്ചയായും. ങ്ഹ... ഞാൻ എൽസയോടു പറയുവായിരുന്നു അന്നത്തെ ആ ചക്കപ്പുഴുക്കിന്റേം ഇറച്ചിക്കറീടേം രുചി. അതിപ്പഴും നാവീന്ന് പോയിട്ടില്ല. ഞാൻ ഒരിക്കൽക്കൂടി വരും കേട്ടോ."

"ഒരിക്കൽകൂടിയല്ല. എല്ലാമാസവും ഇങ്ങുപോരെ. ഇഷ്ടമുള്ള ഭക്ഷണം ഉണ്ടാക്കിവയ്ക്കാം. ഞാനിപ്പം എന്റെ മോനെപ്പോലെയാ ഡോക്ടറെ കാണുന്നത്."

"സന്തോഷം! അമ്മയുടെ സ്നേഹം ഞാനവിടെ വന്നപ്പോൾ അനുഭവിച്ചറിഞ്ഞതല്ലേ. അതുകൊണ്ടാ വീണ്ടും വരണമെന്നു തോന്നുന്നത്."

"വരണം. വരാതിരിക്കരുത്. എന്റെ മോളുടെ ചട്ടു മാറ്റിയ ഡോക്ടറല്ലേ. ഞാൻ എപ്പഴും ഓർക്കും. ഇത്രയും സ്നേഹമുള്ള ഒരു ഡോക്ടറെ ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല."

"വരും അമ്മേ; വരാതിരിക്കില്ല."

"പിന്നെ മോനേ... എൽസയ്ക്കു പറ്റിയ ഏതെങ്കിലും ചെക്കന്മാര് കൂട്ടുകാരായിട്ടോ പരിചയക്കാരായിട്ടോ ഉണ്ടെങ്കിൽ ഇവളുടെ കാര്യം ഒന്നു പറഞ്ഞേക്കണേ. സ്ത്രീധനമായി കൊടുക്കാൻ കാശായിട്ട് എന്റെ കൈയിലൊന്നുമില്ല. ഈ പറമ്പും വീടുമേയുള്ളൂ. അതുകൂടി പറഞ്ഞേക്കണേ."

"അമ്മയെന്താ ഈ പറയണേ?" എൽസയ്ക്കു ദേഷ്യം വന്നു. "ഡോക്ടർ എന്താ ബ്രോക്കറാണോ?" ഫോണിനോടു ചേർന്നുനിന്നിട്ട് അവൾ തുടർന്നു:

"അമ്മ പറയുന്നതൊന്നും കാര്യാക്കണ്ട കേട്ടോ ഡോക്ടറെ. വരുന്നോരോടും പോകുന്നോരോടുമൊക്കെ അമ്മയ്ക്കിതേ പറയാൻ നേരമുള്ളൂ. അമ്മേടെ മനസ്സീന്ന് അറിയാതെ വീണുപോകുന്നതാ..."

"അമ്മയ്ക്ക് എൽസയോട് അത്ര സ്നേഹമുള്ളതുകൊണ്ടല്ലേ അതു പറയുന്നത്! ഇങ്ങനെ ഒരമ്മയെ കിട്ടാൻ പുണ്യം ചെയ്യണം."

"ഒരു രാത്രി അറ്റായ്ക്കു വന്നു ഞാനങ്ങു മരിച്ചുപോയാൽ ഇവൾക്കു പിന്നെ ആരുണ്ട് ഡോക്ടറെ? ആ ആധിയാ മനസ്സിൽ എപ്പഴും. കല്യാണം കഴിച്ചുവിട്ടാൽ സംരക്ഷിക്കാൻ ഒരാളായല്ലോന്നുള്ള ആശ്വാസമുണ്ടല്ലോ."

"അമ്മ വിഷമിക്കണ്ട. അങ്ങനെയെങ്ങാനും സംഭവിച്ചാൽ ഞാൻ നോക്കിക്കോളാം എൽസേടെ കാര്യം. പോരെ?"

"നോക്കുമോ?"

"ഉറപ്പായിട്ടും!" ഒന്നു നിറുത്തിയിട്ട് ഡോക്ടർ തുടർന്നു: "അങ്ങനെയൊന്നും സംഭവിക്കില്ലമ്മേ. എൽസേടെ കല്യാണം നടന്നു കണ്ട്, അവൾക്കൊരു കുഞ്ഞുണ്ടായി, അതിന്റെ കല്യാണവും നടന്നു കണ്ടിട്ടേ അമ്മ ഈ ഭൂമീന്നു പോകൂ..."

"ഡോക്ടറുടെ നാവ് പൊന്നാവട്ടെ." സിസിലി പറഞ്ഞു.



"ശരി. ഗുഡ്നൈറ്റ്." ഡോക്ടർ മനു ഫോൺ കട്ടു ചെയ്തു.

"അമ്മയ്ക്കു വേറൊന്നുമില്ലായിരുന്നോ സംസാരിക്കാൻ? വിശേഷം ചോദിക്കാൻ വിളിച്ചപ്പം എന്തിനാ എന്റെ കല്യാണക്കാര്യം എടുത്തിട്ടേ? അതാ ഡോക്ടർ പെട്ടെന്നു ഫോൺ കട്ടു ചെയ്തത്. അമ്മ വിചാരിക്കുന്നുണ്ടോ അമ്മ മരിച്ചുപോയാൽ ഉടനെ ഡോക്ടറു വന്ന് എന്നെയങ്ങു കൂട്ടിക്കൊണ്ടുപോകുമെന്ന്. ചുമ്മാ ഭംഗിവാക്കു പറഞ്ഞതാ. കാലിന്റെ ഓപ്പറേഷൻ നടത്താനുള്ള കാശുതരാന്നു പറഞ്ഞിട്ട് ജയേഷ് പറ്റിച്ചതു കണ്ടതല്ലേ? അതിനേക്കാൾ വലിയ ബന്ധമൊന്നുമില്ലല്ലോ ഡോക്ടറുമായിട്ട്." എൽസ ദേഷ്യപ്പെട്ടു.

"എന്റെ മനസ്സിലുള്ള വിഷമോം ആഗ്രഹോം ഒക്കെയങ്ങു പറഞ്ഞുപോയെന്നേയുള്ളൂ മോളേ. ക്ഷമിക്ക്. എനിക്ക് നിന്റെ കാര്യമല്ലാതെ എന്താ പറയാനുള്ളത്?"

എൽസ ഒന്നും മിണ്ടിയില്ല. അവൾ ഫോൺ വാങ്ങിക്കൊണ്ട് കിടപ്പുമുറിയിലേക്കു പോയി.

* * *

ഒരു വെള്ളിയാഴ്ച!

സന്ധ്യകഴിഞ്ഞപ്പോൾ ആകാശത്ത് കാർമേഘം ഉരുണ്ടുകൂടി. മഴയ്ക്കുള്ള പുറപ്പാടാണെന്ന് എൽസയ്ക്കു മനസ്സിലായി. പുറത്ത് ഉണങ്ങാനിട്ടിരുന്ന തുണികളൊക്കെ അവൾ തിടുക്കത്തിൽ എടുത്ത് അകത്തിട്ടു.

തണുത്ത കാറ്റ് ആഞ്ഞുവീശിയപ്പോൾ സിസിലിക്കു പേടി തോന്നി. പഴയ വീടാണ്. ശക്തമായ ഒരു കാറ്റു വന്നാൽ പൊക്കിക്കൊണ്ടു പോകാനുള്ളതേയുള്ളൂ. സിസിലിയും എൽസയും പ്രാർഥന ചൊല്ലി, ആപത്തൊന്നും വരുത്തരുതേയെന്ന് ദൈവത്തോട് അപേക്ഷിച്ചുകൊണ്ടിരുന്നു.

കാറ്റിനു പിന്നാലെ മഴ തുടങ്ങി. എൽസ എണീറ്റ് ജനാലകളെല്ലാം അടച്ചു കുറ്റിയിട്ടു. മഴ ശക്തിപ്രാപിക്കയാണ്. ഇടയ്ക്കിടെ മിന്നലും ഇടിയും. പൊടുന്നനെ കറണ്ടും പോയി. എൽസ തിരി കത്തിച്ചു മേശപ്പുറത്തു വച്ചു. തുള്ളിക്കൊരുകുടം പെയ്യുന്ന മഴ കണ്ടപ്പോൾ സിസിലി പറഞ്ഞു:

"ഇത്രേം വലിയ മഴ ഇവിടെ ഇതുവരെ പെയ്തിട്ടില്ലല്ലോ. എന്തോ ദുരന്തം വരാനാന്നു മനസ്സു പറയുന്നു."

"അമ്മ ഒന്നു മിണ്ടാണ്ടിരിക്കുന്നുണ്ടോ. കരിനാക്കുകൊണ്ട് ഒന്നും പറയാതെ."

പൊടുന്നനെ വലിയ ശബ്ദത്തിൽ ഒരിടിവെട്ടി.

എൽസയും സിസിലിയും പേടിച്ചുവിറച്ചുപോയി.

"പേടിയാകുന്നല്ലോ മോളെ. നമ്മള് രണ്ടു പെണ്ണുങ്ങള് തനിച്ച് ഇവിടെ! അടുത്തൊരു വീടുപോലുമില്ല."

ശേഷം 12-ാം പേജിൽ

# കേരള കോൺഗ്രസിന് 60 തികയുമ്പോൾ



ജോബിൻ എസ്. കൊട്ടാരം

**കേ**രള കോൺഗ്രസ് പിറവിയെടുത്തിട്ട് ആറു പതിറ്റാണ്ടുകൾ പിന്നിട്ടിരിക്കുന്നു. 1964 ഒക്ടോബർ 9 ന് രൂപീകൃതമായ കേരള കോൺഗ്രസ് വ്യത്യസ്തമുന്നണികളിലായി കേരള രാഷ്ട്രീയത്തിൽ നിർണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ദേശീയരാഷ്ട്രീയത്തിൽ പ്രാദേശികപാർട്ടികൾക്ക് ഇന്നു നിർണായകസ്ഥാനമുണ്ട്. കേരള കോൺഗ്രസ് ജന്മമെടുത്തു പതിറ്റാണ്ടുകൾക്കു ശേഷം രൂപംകൊണ്ട ടി.ഡി.പി., തൃണമൂൽ കോൺഗ്രസ്, സമാജ്‌വാദി പാർട്ടി, ജനതാദൾ യുണൈറ്റഡ് തുടങ്ങിയ പ്രാദേശികപാർട്ടികൾപോലും ഇന്നു സംസ്ഥാന രാഷ്ട്രീയത്തിനുപുറമേ ദേശീയരാഷ്ട്രീയത്തിലും ചലനം സൃഷ്ടിക്കുന്നു. സമാനമായ ഒരു വളർച്ച കേരള കോൺഗ്രസിനും സാധ്യമാണെന്നിരിക്കെ, നാളിതുവരെയായിട്ടും ഉണ്ടായില്ല.

കാലാകാലങ്ങളിൽ മധ്യവർഗത്തിന്റെയും കർഷകരുടെയും കരുത്തുറ്റ ശബ്ദമായി മാറാൻ കേരള കോൺഗ്രസിനു കഴിഞ്ഞിട്ടില്ലെന്നു പറഞ്ഞുകൂടാ. കേരളത്തിന്റെ സാമൂഹിക-കാർഷിക-വൈജ്ഞാനികമേഖലകളിലെ നവോത്ഥാനത്തിൽ കേരളകോൺഗ്രസ് വലിയ പങ്കുവഹിച്ചിട്ടുണ്ട്. വിദ്യാഭ്യാസമേഖലയിൽ കേരളം കണ്ട ഏറ്റവും വലിയ കുതിച്ചുചാട്ടമായിരുന്നു കോളജുകളിൽനിന്ന് പ്രീഡിഗ്രി വേർപെടുത്തി സ്കൂളുകളിൽ പ്ലസ്ടു അനുവദിക്കുകയെന്നത്. അതുവഴി സീറ്റുകൾ വർധിച്ചതുമൂലം പത്താം ക്ലാസിൽ പഠനം നിർത്തേണ്ടിവരുമായിരുന്ന ധാരാളം യുവജനങ്ങൾക്ക് ഉന്നതവിദ്യാഭ്യാസത്തിനുള്ള സാഹചര്യമൊരുങ്ങി. അന്നു വിദ്യാഭ്യാസവകുപ്പുമന്ത്രിയായിരുന്ന പി.ജെ. ജോസഫ് തുടങ്ങിവച്ച ഈ വിദ്യാഭ്യാസവിപ്ലവം, ഉന്നതവിദ്യാഭ്യാസവും വിദേശരാജ്യങ്ങളിലടക്കം മികച്ച ജോലിയും നേടി, നാടിന്റെ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്താൻ യുവജനങ്ങളെ സഹായിച്ചു.

കെ.എം. മാണി ആരംഭിച്ച കാരുണ്യലോട്ടറിയടക്കമുള്ള പദ്ധതികൾ മാരകരോഗങ്ങൾമൂലം വലയുന്ന അനേകർക്ക് ആശ്വാസമേകുന്നവയായിരുന്നു.

കാർഷികമേഖലയുടെ നട്ടെല്ലൊടിക്കുന്ന നയങ്ങൾക്കെതിരേ ശക്തമായി പ്രതികരിച്ചിട്ടുള്ള രാഷ്ട്രീയപ്പാർട്ടിയാണ് കേരള കോൺഗ്രസ്.

1964 ൽ രൂപീകൃതമായ കേരള കോൺഗ്രസ് 1965 ലെ കേരള നിയമസഭാതിരഞ്ഞെടുപ്പിൽ ഒറ്റയ്ക്കു മത്സരിച്ച് 24 സീറ്റുകളാണ് നേടിയത്. കുതിരചിഹ്നത്തിൽ മത്സരിച്ച കേരള കോൺഗ്രസിന് 24 സീറ്റുകൾ ലഭിച്ചപ്പോൾ, കേരളകോൺഗ്രസ് പിന്തുണയോടെ പൂഞ്ഞാറിൽ മത്സരിച്ച പി.ഡി. തൊമ്മനും, ചാത്തന്നൂരിൽ മത്സരിച്ച തങ്കപ്പൻപിള്ളയും ജയിച്ചു. സി. രാജഗോപാലാചാരിയുടെ സ്വതന്ത്ര പാർട്ടിയുടെ ലേബലിലാണ് അവർ മത്സരിച്ചത്.

അങ്കമാലി, ചങ്ങനാശേരി, കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ, കരിമണ്ണൂർ, കാഞ്ഞിരപ്പള്ളി, വാഴൂർ, ഏറ്റുമാനൂർ, അകലക്കുന്നം, പാലാ, കടുത്തുരുത്തി, ചേർത്തല, കുട്ടനാട്, തിരുവല്ല, കല്ലൂപ്പാറ, ചെങ്ങന്നൂർ, ആറന്മുള, റാന്നി, പത്തനംതിട്ട, കോന്നി, കൊട്ടാരക്കര, പത്തനംതിട്ട, അടൂർ എന്നിവയായിരുന്നു ആ ഇരുപത്തിനാലു സീറ്റുകൾ. ഇതിൽ കുന്നത്തൂരിൽ ടി.കൃഷ്ണൻ മത്സരിച്ചത് റിസർവേഷൻ സീറ്റിലായിരുന്നു. ഒരു പാർട്ടിക്കും ഭൂരിപക്ഷം കിട്ടാതിരുന്നതിനാൽ വിളിച്ചുകൂട്ടാതെതന്നെ പ്രസിഡന്റ് നിയമസഭ പിരിച്ചുവിട്ടു.

കേരള കോൺഗ്രസ് വിജയിച്ചിട്ടുള്ള ഈ മണ്ഡലങ്ങൾക്കുപുറമേ മലബാറിലെ കുടിയേറ്റമേഖലകളിലും തിരുവനന്തപുരത്തെ തീരദേശമേഖലകളിലും നിർണായകശക്തിയാകാൻ ഇന്നും കേരള കോൺഗ്രസിനു സാധിക്കും. പതിനഞ്ചാം കേരളനിയമസഭയിൽ എൽഡിഎഫിലും യുഡിഎഫിലുമായി 10 കേരള കോൺഗ്രസ് എം.എൽ.എ.മാരാണുള്ളത്. ഇത് കുറഞ്ഞത് ഒന്നരയിരട്ടിയായി വർധിപ്പിക്കാനുള്ള തന്ത്രങ്ങൾ കേരള കോൺഗ്രസുകൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

അടിയന്തരാവസ്ഥക്കാലത്ത് ഇന്ദിരാഗാന്ധി നേരിട്ടു ചർച്ച നടത്തിയ അപൂർവം പാർട്ടികളിലൊന്നാണ് കേരള കോൺഗ്രസ്. കേരളത്തിൽ കേരള കോൺഗ്രസിന്റെ പക്കൽ ഭദ്രമായിരിക്കുന്ന വിശാലമായ വോട്ടുബാങ്കിന്റെ ശക്തി ഇന്ദിരാഗാന്ധിപോലും തിരിച്ചറിഞ്ഞിരുന്നു. 1971 ലെ ലോകസഭയിൽ മൂന്ന് എം.പി. മാരെ വിജയിപ്പിച്ചെടുത്ത പാർട്ടിയാണ് കേരള കോൺഗ്രസ്. ഒരുകാലത്ത് കാർഷികമേഖലയെ ആശ്രയിച്ചുകഴിഞ്ഞിരുന്ന കുടുംബങ്ങളിലെ ഇന്നത്തെ തലമുറ നഴ്സിങ്ങും ഐ.റ്റി.യുമടക്കമുള്ള തൊഴിൽമേഖലകളാണ് ജീവസന്ധാരണത്തിനായി തിരഞ്ഞെടുത്തിട്ടുള്ളത്. കാർഷികപ്രശ്നങ്ങൾക്കൊപ്പം ഇത്തരം മേഖലകളിലുള്ള പ്രശ്നങ്ങൾകൂടി ഏറ്റെടുക്കാൻ കേരള കോൺഗ്രസ് പ്രസ്ഥാനങ്ങൾക്കു കഴിയേണ്ടിയിരിക്കുന്നു.

നിയമസഭാസാമാജികരെന്ന നിലയിലും കേരള കോൺഗ്രസ് എം.എൽ.എ.മാരുടെ പ്രകടനം മികച്ചതാണ്. കേരള കോൺഗ്രസ് എം.എൽ.എ.മാരുടെ മണ്ഡലങ്ങളിൽ ആധുനികരീതിയിലുള്ള റോഡുകളടക്കമുള്ള അടിസ്ഥാനസൗകര്യവികസനങ്ങൾ മറ്റു മണ്ഡലങ്ങളെ അപേക്ഷിച്ച് മുന്നിട്ടുനില്ക്കുന്നുവെന്ന് രാഷ്ട്രീയനിരീക്ഷകനായ അഡ്വ. ജയശങ്കർ അടുത്തിടെ അഭിപ്രായപ്പെടുകയുണ്ടായി.

പി.ജെ. ജോസഫ് (തൊടുപുഴ), അഡ്വ. മോൻസ് ജോസഫ് (കടുത്തുരുത്തി), അഡ്വ. അനൂപ് ജേക്കബ് (പിറവം) എന്നിവരാണ് യുഡിഎഫിന്റെ ഭാഗമായിട്ടുള്ള കേരള കോൺഗ്രസ് എം.എൽ.എ. മാർ.

റോഷി അഗസ്റ്റിൻ (ഇടുക്കി), ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി), അഡ്വ. ജോബ് മൈക്കിൾ (ചങ്ങനാശേരി), അഡ്വ. പ്രമോദ് നാരായണൻ (റാന്നി), സെബാസ്റ്റ്യൻ കുളത്തുങ്കൽ (പൂഞ്ഞാർ), കെ.ബി. ഗണേഷ്കുമാർ (കൊട്ടാരക്കര), അഡ്വ. ആന്റണി രാജു (തിരുവനന്തപുരം) എന്നിവരാണ് എൽഡിഎഫിന്റെ ഭാഗമായുള്ള പതിനഞ്ചാം നിയമസഭയിലെ കേരള കോൺഗ്രസ് എംഎൽഎ മാർ.

ജോസ് കെ. മാണി രാജ്യസഭയിൽ കേരള കോൺഗ്രസ്എമ്മിന്റെ പ്രതിനിധിയായി നിലകൊള്ളുമ്പോൾ, അഡ്വ. ഫ്രാൻസിസ് ജോർജ് ലോക്സഭയിൽ കേരള കോൺഗ്രസിന്റെ ശബ്ദമായി മാറുന്നു.

ഇന്ത്യയിലെ ജനസംഖ്യയുടെ 67.49 ശതമാനം പതിനഞ്ചു വയസ്സിനും അറുപത്തിനാലു വയസ്സിനും ഇടയിലുള്ളവരാണ്. 65 വയസ്സിനു മുകളിലുള്ളവരുടെ ശതമാനം 6.83 മാത്രമാണ്. പതിന്നാലു വയസ്സുവരെയുള്ളവരാണ് 25.68 ശതമാനം.

പാർട്ടി കൂടുതൽ വളർച്ചയിലേക്കു കടക്കണമെങ്കിൽ ചെറുപ്പക്കാർക്കു കൂടുതൽ അവസരം നല്കേണ്ടിയിരിക്കുന്നു. കഴിവും നേതൃഗുണവും സമൂഹത്തിൽ മാറ്റം വരുത്താൻ കഴിവുള്ളവരുമായ ചെറുപ്പക്കാർ പാർട്ടിയുടെ നേതൃസ്ഥാനങ്ങളിലേക്കു കൂടുതലായി കടന്നുവരുന്നതോടൊപ്പം മുതിർന്ന നേതാക്കളുടെ അനുഭവസമ്പത്തുകൂടി ഉപയോഗപ്പെടുത്താൻ കേരളകോൺഗ്രസുകാർക്കു കഴിയണം. വ്യക്തവും ശക്തവുമായ ഒരു താത്ത്വികാടിത്തറയിൽ ഈ പാർട്ടികൾ മുന്നോട്ടുപോകേണ്ടിയിരിക്കുന്നു.

കേരള കോൺഗ്രസുകളെ ഇപ്പോൾ നയിക്കുന്ന നേതാക്കൾ പാർട്ടിയെ ശക്തിപ്പെടുത്താനുള്ള അടുത്ത പത്തു വർഷത്തേക്കുള്ള പദ്ധതികൾ ദിശാബോധത്തോടും വ്യക്തമായ കാഴ്ചപ്പാടോടുംകൂടി നടപ്പിലാക്കുകയാണെങ്കിൽ കേരളരാഷ്ട്രീയത്തിലെ സുപ്രധാനശക്തിയായി മാറാൻ കേരള കോൺഗ്രസിനു കഴിയും. ◻



കെ.എം. ജോർജ്



ആർ. ബാലകൃഷ്ണപിള്ള



കെ.എം. മാണി



*വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തബാധിതരെ സഹായിക്കുന്നതിനുവേണ്ടി പാലാ രൂപതയിൽനിന്നു സമാഹരിച്ച തുകയുടെ ഒന്നാം ഗഡു സീറോ മലബാർ സഭ സോഷ്യൽ സർവീസിന്റെ ചുമതലയുള്ള മാർ ജോസ് പുളിക്കലിന് പാലാ രൂപതയുടെ പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ജോസഫ് തടത്തിൽ കൈമാറുന്നു. സിഞ്ചെല്ലൂസ് മോൺ. ജോസഫ് മലേപ്പറമ്പിൽ, ഫിനാൻസ് ഓഫീസർ ഡോ. ജോസഫ് മുത്തനാട്ട്, ചാൻസലർ ഫാ. ജോസഫ് കുറ്റിയാങ്കൽ, പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ, പാസ്റ്ററൽ കൗൺസിൽ ചെയർമാൻ ഡോ. കെ. കെ. ജോസ്, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി സിജു സെബാസ്റ്റ്യൻ എന്നിവർ സമീപം.*




# വർണം, വിദ്യാഭ്യാസം; ജീവൻ

## മൂന്ന് അടരുകളിലൂടെ കടന്നുപോകുന്ന വേട്ടയ്യൻ

**പ**ലതരം മാഫിയാകൾ അരങ്ങുവാഴുന്ന ഒരു ലോകമാണിത്. അവയവമാഫിയ, മയക്കുമരുന്നുമാഫിയ, വാണിഭമാഫിയ. ഇത്തരം മാഫിയാകളെക്കുറിച്ച് ഇതിനകം പല സിനിമകളും പുറത്തിറങ്ങിയിട്ടുണ്ട്. എന്നാൽ, അത്തരം മാഫിയാകളെയെല്ലാം പിന്തള്ളി ഇന്നു സമൂഹത്തിൽ ആഴത്തിൽ വേരോടിയിരിക്കുന്ന മറ്റൊരു മാഫിയക്കഥയാണ് രജനീകാന്തിന്റെ വേട്ടയ്യൻ എന്ന സിനിമ പറയുന്നത്. വിദ്യാഭ്യാസമാഫിയ എന്നാണ് അതിന്റെ പേര്.

എൻട്രൻസ് കോച്ചിങ് ഇന്നത്തെ കാലത്ത് വ്യാപകമായിക്കഴിഞ്ഞ സാഹചര്യത്തിൽ ഈ ചിത്രം മുന്നോട്ടുവയ്ക്കുന്ന ആശങ്കകൾ തെല്ലും നിസ്സാരമായി കരുതാനുമാവില്ല. കോടികളുടെ ബിസിനസ് നടക്കുന്ന വ്യവസായമായി എൻട്രൻസ് കോച്ചിങ് മാറിക്കഴിഞ്ഞിരിക്കുന്നു. സാധാരണക്കാരന്റെ മക്കളും അതിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. കുടുംബത്തിൽ ഒരു ഡോക്ടർ അല്ലെങ്കിൽ എൻജിനീയർ എന്നത് സാധിച്ചെടുക്കാവുന്ന മട്ടിൽ കാര്യങ്ങൾ എത്തിയിരിക്കുന്നു. ഒരുകാലത്ത് ചിലർക്കുമാത്രം ആയിത്തീരാവുന്നത് എന്നു കരുതിയിരുന്ന ഡോക്ടറും എൻജിനീയറും സാധാരണക്കാർക്കും സാധ്യമാണെന്ന തോന്നൽ ഉണ്ടാക്കിയെടുക്കാൻ ഇത്തരം കോച്ചിങ് സെന്ററുകൾക്കു സാധിച്ചിട്ടുണ്ടെന്ന കാര്യം നിഷേധിക്കാനാവില്ല. പക്ഷേ, പരസ്യമായി ഇക്കൂട്ടർ നടത്തുന്ന അവകാശവാദങ്ങൾക്കും പ്രചാരണങ്ങൾക്കും പരസ്യങ്ങൾക്കുമപ്പുറം അവ വ്യക്തിതലത്തിൽ ഏല്പിക്കുന്ന ആഘാതങ്ങളെക്കുറിച്ച് ആരും ചിന്തിക്കാറില്ല. ഇത്തരത്തിലുള്ള ഭേദപ്പെട്ട ചിന്തയും ആലോചനയും ഉണർത്താൻ പക്കാ മാസ് എന്നു നാം മുൻവിധിയോടെ പലപ്പോഴും എഴുതിത്തള്ളുന്ന ഒരു രജനീകാന്ത് സിനിമയ്ക്കു കഴിയുന്നുണ്ടെന്നത് നിസാരമായി കരുതാനുമാവില്ല. രജനിയുടെ ആരാധകരെ തൃപ്തിപ്പെടുത്താനുള്ള ചില ചേരുവകൾ അവിടവിടെയായി ചേർത്തുവച്ചിട്ടുണ്ട് എന്നതു മാറ്റിനിർത്തിയാൽ ഗൗരവപൂർണമായ വിഷയംതന്നെയാണ് വേട്ടയ്യൻ ചർച്ച ചെയ്യുന്നത്.

എന്നാൽ, തുടക്കത്തിൽ പറഞ്ഞ വിഷയത്തിനു പുറമേ മറ്റു രണ്ടു വിഷയങ്ങൾകൂടി ഈ ചിത്രത്തിന്റെ കാതലായി വരുന്നുണ്ട്. എൻകൗണ്ടർ കൊലകളും വർണ/ജാതി രാഷ്ട്രീയവുമാണവ. കുറ്റവാളികൾ തങ്ങളുടെ സ്വാധീനമുപയോഗിച്ചു ശിക്ഷയിൽനിന്ന് ഒഴിവാക്കപ്പെടുമ്പോൾ അത്തരം ദുഃസ്ഥിതികൾക്കെതിരേ സ്വന്തം നിയമം നടപ്പിലാക്കുന്ന എൻകൗണ്ടർ സ്പെഷ്യലിസ്റ്റായ അതീയൻ ഐപിഎസാണ് (രജനീകാന്ത്) ചിത്രത്തിലെ നായകൻ. മയക്കുമരുന്നുബിസിനസ് നടത്തുന്നവരെയെല്ലാം നിഷ്കരുണം ഇല്ലാതാക്കി അതെല്ലാം കോടതിയിൽ ഏറ്റുമുട്ടൽകൊലയെന്നു ബോധിപ്പിക്കുകയാണ് അയാളുടെ രീതി. ഇതിനെതിരേ പോരാട്ടത്തിനിറങ്ങുകയാണ് ഒരുപറ്റം മനുഷ്യാവകാശപ്രവർത്തകർ. അതിനു നേതൃത്വം കൊടുക്കുന്നതാകട്ടെ, അമിതാഭ് ബച്ചൻ അവതരിപ്പിക്കുന്ന റിട്ടയേർഡ് ജഡ്ജിയും.

ഇവിടെ വലിയൊരു സാമൂഹികവിഷയമാണ് ചർച്ച ചെയ്യാനായി സംവിധായകനും എഴുത്തുകാരനുമായ ജ്ഞാനവേൽ പ്രേക്ഷകർക്കുമുമ്പിൽ വയ്ക്കുന്നത്. എൻകൗണ്ടർ എന്ന പേരിട്ടു നടത്തുന്ന മനഃപൂർവമായ നരഹത്യയെ എത്രത്തോളം സാധൂകരിക്കാം എന്നാണ് ആ ചോദ്യം. മനുഷ്യാവകാശപ്രവർത്തകർ ജീവനുവേണ്ടി വാദിക്കുമ്പോൾ ജീവൻ നഷ്ടമായവരുടെ പ്രിയപ്പെട്ടവർക്കും നീതി നടത്തിക്കിട്ടേണ്ടതല്ലേ? യഥാർഥ കുറ്റവാളികൾ അറസ്റ്റു ചെയ്യപ്പെടുകയും ജയിലിൽ അടയ്ക്കപ്പെടുകയും ചെയ്യുന്നത് സിനിമയിൽമാത്രമേയുള്ളൂവെന്നതാണ് ഇന്നത്തെ അവസ്ഥ. സമീപകാലത്തെ ചില സംഭവങ്ങളിലൂടെ വെറുതെയൊന്നു കണ്ണോടിച്ചാൽപോലും ഇക്കാര്യം മനസ്സിലാക്കാവുന്നതേയുള്ളൂ.

കുറ്റവാളികളായി ആരോപിക്കപ്പെടുന്നവർ പ്രതികളായി പട്ടികയിൽ ഇടംപിടിക്കുകയോ നിയമത്തിന്റെ മുമ്പിൽ എത്തുകയോ നിയമം അവരെ വിസ്തരിച്ചു ശിക്ഷ നല്കുകയോ ചെയ്യുന്നില്ല. പകരം നിയമത്തിന്റെ പഴുതുകളിലൂടെയും സമർഥമായ തെളിവുനശിപ്പിക്കൽ, കൃത്രിമമായ തെളിവുകളുടെ പിൻബലം എന്നിവയുടെ സഹായത്തോടെയും രക്ഷപ്പെട്ടുപോകുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. സാധാരണക്കാരെ ശിക്ഷിക്കാൻവേണ്ടിമാത്രമായി പൊലീസും കോടതിയും കൂട്ടുനില്ക്കുന്ന സാഹചര്യം. ഇത്തരമൊരു നിസ്സഹായാവസ്ഥയിൽ യഥാർഥ കുറ്റവാളികൾക്കെതിരേ ശിക്ഷ നടപ്പാക്കാൻ ഉത്തരവാദപ്പെട്ട പൊലീസുദ്യോഗസ്ഥർക്കുമാത്രമേ സാധിക്കൂ എന്നാണ് ജനങ്ങളുടെ വിശ്വാസം. ക്രിസ്റ്റഫർപോലെ മലയാളത്തിലിറങ്ങിയ ചില സിനിമകളിൽ ഇത്തരം എൻകൗണ്ടറുകൾ ന്യായീകരിക്കപ്പെടുന്നുമുണ്ട്.

ഒരുപക്ഷേ സാധാരണക്കാരായ മനുഷ്യർ-നീതി നിഷേധിക്കപ്പെടുകയും അധികാരം ഇല്ലാതിരിക്കുകയും ചെയ്യുന്ന ഭൂരിപക്ഷസമൂഹം-എൻകൗണ്ടർ കൊലപാതകത്തെ പിന്തുണയ്ക്കുന്നവരാണ്. ചിത്രത്തിൽത്തന്നെ ആ പൊതുവികാരം പകർത്തിയിട്ടുമുണ്ട്. എങ്കിലും, അവിടെയും പ്രസക്തമായ രണ്ടു ചോദ്യങ്ങൾ ഉയരുന്നുണ്ട്. എൻകൗണ്ടറുകളിൽ കൊലചെയ്യപ്പെടുന്നത് യഥാർഥ കുറ്റവാളികൾതന്നെയാണോ? കുറ്റവാളികളുടെ ജീവനും വിലയില്ലേ? നിയമം കൈയിലെടുക്കാൻ ഇവിടെ ആർക്കാണവകാശം?

പതിവുപോലെ എതിരാളിയെ ഇല്ലാതാക്കാൻ തക്ക എല്ലാ സാഹചര്യങ്ങളും ഒത്തുവന്നിട്ടും തനിക്കു സംഭവിച്ച ഒരു കൈപ്പിഴയുടെ പേരിൽ അതു വേണ്ടെന്നുവച്ച് യഥാർഥവില്ലനെ നിയമത്തിന്റെ മുമ്പിൽ ഹാജരാക്കി അർഹമായ ശിക്ഷ വാങ്ങിച്ചുകൊടുക്കുന്ന നായകനിലാണ് ചിത്രം അവസാനിക്കുന്നത് എന്നതും ആനുഷംഗികമായി പറഞ്ഞുകൊള്ളട്ടെ. അതായത്, എതിരാളികൾക്കുനേരേയുള്ള സമീപനംമാത്രമല്ല ജീവനു നേരേയുള്ള അയാളുടെ സമീപനത്തിലും മാറ്റംവന്നിരിക്കുന്നുവെന്നു ചുരുക്കം.

കറുത്ത നിറമുള്ളവനും താഴേക്കിടയിൽ ജീവിക്കുന്നവരുമായവരെ കുറ്റവാളികളായി പെട്ടെന്ന് മുദ്രകുത്തുന്ന സവർണമേൽക്കോയ്മാമേധാവിത്വത്തിന് നേരേയുള്ള രൂക്ഷവിമർശനമാണ് ചിത്രം മുന്നോട്ടുവയ്ക്കുന്ന മൂന്നാമത്തെ തലം. മുടിയിൽ പരീക്ഷണങ്ങൾ നടത്തിയ, ടാറ്റുപതിപ്പിച്ച, കമ്മലിട്ട, അതിവേഗത്തിൽ ബൈക്കോടിച്ചുപോകുന്ന കറുത്ത നിറമുള്ള ഒരു ചെറുപ്പക്കാരനെക്കുറിച്ചു നമ്മുടെ മനസ്സിൽ ആദ്യം ഉണ്ടാകുന്ന വിചാരം എന്താണ്? അവനൊരു കഞ്ചാവാണ്, അലമ്പനാണ്. സത്യസന്ധമായി പറയൂ, ഒരു പോസിറ്റീവ് ചിന്ത അവനെക്കുറിച്ചുണ്ടാകാൻ സാധ്യത വളരെ കുറവല്ലേ?

രൂപംകൊണ്ടും വർണംകൊണ്ടും ആ ചെറുപ്പക്കാരൻ അറിയാതെയാണെങ്കിലും സമൂഹത്തിൽ പതിപ്പിക്കുന്ന ചിത്രം തന്നെക്കുറിച്ചുതന്നെയുള്ള തെറ്റുധാരണയാണ്.

ഈ തെറ്റുധാരണയെ സവർണസമൂഹവും അധികാരിവർഗവുംകൂടി എങ്ങനെയാണ് ചൂഷണം ചെയ്യുന്നതെന്നും അതിനിടയിൽ അത്തരക്കാർ എങ്ങനെയാണു കുറ്റവാളികളായി അവരോധിക്കപ്പെടുന്നതെന്നും വേട്ടയ്യൻ പറയുന്നുണ്ട്. ആക്ഷൻഹീറോ ബിജു, നുണക്കുഴി തുടങ്ങിയ സിനിമകളിൽ പെറ്റിക്കേസുകളുടെ പേരിൽ പൊലീസ് പിടികൂടുന്ന ചെറുപ്പക്കാരുടെ രൂപഭാവങ്ങളും അതിന്റെ പേരിൽത്തന്നെ പൊലീസുകാർ അവരോടു വച്ചുപുലർത്തുന്ന സമീപനവും എങ്ങനെയുള്ളവയാണെന്നു കൃത്യമായി ചിത്രീകരിച്ചിട്ടുണ്ട്. എന്നാൽ, അതേപോലെ മുടി നീട്ടിവളർത്തിയിരിക്കുന്ന ചിലരൊക്കെ സീരിയലുകളിലും സോഷ്യൽമീഡിയായിലുമൊക്കെ താരങ്ങളുമാണ്. കാരണം, ആ ഹെയർ സ്റ്റൈലിനുമപ്പുറം അവർ വെളുത്തവരും സെലിബ്രിറ്റികളുമാണ്.

ഒരു ബസിൽ പോക്കറ്റടി പോലെയുള്ളവ നടക്കുമ്പോൾ സംശയത്തിന്റെ മുന ആദ്യം നീണ്ടുചെല്ലുന്നത് ആ ബസിലെ നാടോടി സ്ത്രീയുടെയോ മുഷിഞ്ഞ വസ്ത്രം ധരിച്ച ഒരാളുടെയോ നേർക്കായിരിക്കും. ചിലപ്പോൾ അവർതന്നെയായിരിക്കുകയും ചെയ്യും. എങ്കിലും അതല്ലാതെയുള്ള സംഭവങ്ങളും നടക്കാറുണ്ടല്ലോ. ചുരുക്കത്തിൽ, ഒരു വ്യക്തിയുടെ നിറവും രൂപവും സമൂഹത്തിൽ അയാളെ കുറ്റവാളിയാക്കാൻവരെ പ്രേരിപ്പിക്കുന്നവിധത്തിൽ നിറത്തിന്റെ രാഷ്ട്രീയം കൃത്യമായി വരച്ചിടുന്ന ചിത്രംകൂടിയാണ് വേട്ടയ്യൻ.



തിരക്കഥയുടെ മസാലക്കൂട്ടുകൾ താരാധിപത്യത്തിനു കീഴടങ്ങിയപ്പോൾ സംവിധായകനു പല കാര്യങ്ങളും താൻ മനസ്സിൽ ഉദ്ദേശിച്ചതുപോലെ പകർത്താൻ കഴിഞ്ഞിട്ടുണ്ടാവില്ല എന്ന് വേട്ടയ്യൻ കാണുമ്പോൾ ഊഹിക്കാവുന്നതേയുള്ളൂ. കാരണം, രജനീകാന്തുതന്നെ പ്രമോഷൻ പ്രോഗ്രാമുകൾക്കിടയിൽ ഈ കഥയിൽ മസാലകൾചേർക്കാൻ താൻതന്നെയാണ് ആവശ്യപ്പെട്ടതെന്നറിയിച്ചതും മറ്റും ഉദാഹരണമാണ്. മാത്രവുമല്ല, ജ്ഞാനവേലിന്റെ മുൻസിനിമകളിൽ കുറിക്കുകൊള്ളുന്ന വിധത്തിൽ ജാതിവംശീയചിന്തകൾ അവതരിപ്പിച്ചിട്ടുമുണ്ട്. ജയ് ഭീം പോലെയുള്ളവ ഇതിനു തെളിവാണ്.


അത്രത്തോളം വേട്ടയ്യൻ രൂപാന്തരപ്പെടാത്തത് ആ ചിത്രം ഒരു രജനീകാന്ത് സിനിമയായിപ്പോയി എന്നതുകൊണ്ടാണ്. എങ്കിലും, അത്തരം എലമെന്റുകൾ മാറ്റിവച്ചിട്ട് വേട്ടയ്യനെ കാണുമ്പോഴാണ് ആ സിനിമ കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ സമകാലികത ചർച്ച ചെയ്യപ്പെടേണ്ടതായി വരുന്നത്. മലയാളസിനിമയ്ക്കു പലപ്പോഴും ചിന്തിക്കാൻ കഴിയാതെപോകുന്ന പല വിഷയങ്ങളും തമിഴ്സിനിമ ഏറ്റവും മനോഹരമായി എക്കാലത്തും അവതരിപ്പിച്ചിട്ടുമുണ്ട്. കേരളത്തിന്റെയും തമിഴ്നാട്ടിന്റെയും സാമൂഹികസാംസ്കാരികനിലവാരം വ്യത്യസ്തവും, ജാതിയും മതവും ഉള്ളപ്പോഴും നൂറിലധികം ഉൾപ്പിരിവുകളോടുകൂടിയ വർണവ്യത്യാസങ്ങൾ തമിഴ്നാട്ടിൽ കൂടുതൽ ഉള്ളതുകൊണ്ടുമാവാം അതേവിഷയത്തിലുള്ള കൂടുതൽ തമിഴ്സിനിമകൾ പുറത്തുവന്നുകൊണ്ടിരിക്കുന്നത്.

അതെന്തായാലും, തീയറ്ററുകളിൽ വേട്ടയ്യൻ ഒരു ദളപതിസിനിമയും മാസ്സിനിമയും മാത്രമായി ആഘോഷിക്കപ്പെടുമ്പോൾ വരുംദിവസങ്ങളിൽ ഒടിടിയിലെത്തുന്നതോടെ വേട്ടയ്യനെക്കുറിച്ചുള്ള പുതിയ പഠനങ്ങളും സമീപനങ്ങളും പ്രത്യക്ഷപ്പെടുകതന്നെ ചെയ്യും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്ന് തീയറ്ററുകളിൽ ഇറങ്ങുമ്പോഴെന്നതിനെക്കാളേറെ സിനിമകൾ ചർച്ച ചെയ്യപ്പെടുന്നത് ഒടിടിയിലെത്തുമ്പോഴാണല്ലോ. ■

Deepanalam Weekly

RNI No : 16998/68
Vol. 57 No. 33 Date of Publication 17 October 2024
Annual Subscription Rate ₹ 400 (For Abroad ₹4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment



### പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ പാലാ കിഴതടിയൂർ പള്ളിയിൽ

# വി. യൂദാശ്ലീഹായുടെ നൊവേനത്തിരുനാൾ

## 2024 ഒക്ടോബർ 19 ശനി മുതൽ 28 തിങ്കൾ വരെ



**തിരുനാൾ ദിവസങ്ങളിൽ 5.30 am, 7 am, 10 am, 12 noon, 3 pm, 5 pm, 7 pm എന്നീ സമയങ്ങളിൽ വി. കുർബാന, നൊവേന**

ക്രിസ്തുശിഷ്യനും അദ്ഭുതപ്രവർത്തകനും അസാധ്യകാര്യങ്ങളുടെ മധ്യസ്ഥനുമായ വിശുദ്ധ യൂദാശ്ലീഹായുടെ നൊവേനത്തിരുനാൾ പാലാ കിഴതടിയൂർ പള്ളിയിൽ 2024 ഒക്ടോബർ 19 ശനി മുതൽ 28 തിങ്കൾ വരെ ഭക്തിപൂർവ്വം ആഘോഷിക്കുന്നു. തിരുനാളിൽ സംബന്ധിച്ച് വിശുദ്ധ യൂദാശ്ലീഹായുടെ മാധ്യസ്ഥ്യം വഴി ദൈവാനുഗ്രഹം പ്രാപിക്കുവാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

എന്ന്
പള്ളിക്കാര്യത്തിൽനിന്ന്

റവ. ഫാ. തോമസ് പുന്നത്താനത്ത് (വികാരി)
റവ. ഫാ. മാത്യു വെണ്ണായപ്പിള്ളിൽ (സഹവികാരി)
റവ. ഫാ. സെബാസ്റ്റ്യൻ ആലപ്പാട്ടുകുന്നേൽ (പാസ്റ്ററൽ അസിസ്റ്റന്റ്)
ഡീ. ജോഷി തുപ്പലഞ്ഞിയിൽ MCBS

● കൈക്കാരന്മാർ ●

റ്റോമി കെ.കെ. കട്ടുപ്പാറയിൽ
കെ.സി. ജോസഫ് കൂനംകുന്നേൽ
ജോജി ജോർജ് പൊന്നാടംവാക്കൽ
പി.ജെ. തോമസ് പനയ്ക്കൽ

### പ്രധാന തിരുനാൾ തിരുക്കർമ്മങ്ങൾ

**2024 ഒക്ടോബർ 19 ശനി**

9.45 a.m. തിരുനാൾ കൊടിയേറ്റ്
മോൺ. ജോസഫ് തടത്തിൽ

10.00 a.m. ആഘോഷമായ വിശുദ്ധ കുർബാന

**2024 ഒക്ടോബർ 26 ശനി**

08.30 a.m. വിശുദ്ധന്റെ തിരുസ്വരൂപം പരസ്യവണക്കത്തിനു പ്രതിഷ്ഠിക്കുന്നു
മാർ ജോസഫ് പള്ളിക്കാപറമ്പിൽ

**2024 ഒക്ടോബർ 27 ഞായർ**

04.45 p.m. പ്രസുദേന്തി സമർപ്പണം
മോൺ. ജോസഫ് കണിയോടിക്കൽ

**2024 ഒക്ടോബർ 28 തിങ്കൾ**
**പ്രധാന തിരുനാൾ ദിവസം**

05.15 a.m. നെയ്യപ്പനേർച്ച വെഞ്ചരിപ്പ്

10.00 a.m. ആഘോഷമായ തിരുനാൾ കുർബാന, സന്ദേശം
മാർ ജോസഫ് കല്ലറങ്ങാട്ട്

12.00 noon തിരുനാൾപ്രദക്ഷിണം
നൊവേന, തിരുശ്ശേഷിപ്പിന്റെ ആശീർവാദം

തിരുനാൾ ദിവസങ്ങളിൽ അരിസമർപ്പണ നേർച്ച നടത്തുന്നതിനും വിശുദ്ധന്റെ തിരുശ്ശേഷിപ്പു വണങ്ങുന്നതിനും, അടിമ വയ്ക്കുന്നതിനും 26, 27, 28 (ശനി, ഞായർ, തിങ്കൾ) തീയതികളിൽ കഴുന്ന്, വടി എഴുന്നള്ളിക്കുന്നതിനും പ്രത്യേക സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

- എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 5.30 am, 7.00 am, 10.00 am, 12.00 noon, 3.00 pm, 5.00 pm, 7.00 pm എന്നീ സമയങ്ങളിൽ വി. കുർബാനയും നൊവേനയും ഉണ്ടായിരിക്കും.
- രാവിലെ 5.15 മുതൽ വൈകുന്നേരം 6.00 വരെ കുമ്പസാരിക്കുന്നതിനുള്ള സൗകര്യമുണ്ടായിരിക്കും

നേർച്ചകൾ, സംഭാവനകൾ, അപേക്ഷകൾ, അനുഗ്രഹഅറിയിപ്പുകൾ എന്നിവ നല്കേണ്ട വിലാസം:
St. Joseph's Church & St. Jude Shrine, Kizhathadiyoor
Pala P.O. - 686 575, Kizhathadiyoor, Tel: 04822-215087, 9497362880
Email: stjudekizhathadiyoor@gmail.com, Web: www.kizhathadiyoorchurch.com

പ്രാർഥനാനിർഭരമായ തിരുനാൾ ആശംസകൾ

# വൈപ്പന ദന്താശുപത്രി, പാലാ

PHONE : 04822-212015 (Off.), 205168, 205282 (Res.)
Working Time : 9.00 a.m. - 12.30 p.m.

Dr. Alex Abraham BSc. B.D.S.
Dr. Mrs. Thresiamma Alex B.D.S.
Dr. Joseph Sebastian B.D.S., MDS (Ortho)

# SAINT JUDE ELECTRICALS & SANIWARES

Santhom Shopping Complex, Kottaramattom-PALA
Ph: 04822-200377, 200277 8078390426 (shop), Mob: 9447302262

legrand Finolex AO Smith ASTRAL ZEW sunlit CRI V-GUARD

അന്താരാഷ്ട്ര നിലവാരമുള്ള ഇലക്ട്രിക്കൽ സാനിട്ടറി ഉത്പന്നങ്ങൾ
കമ്പനി പ്രോജക്ട് വിലയ്ക്ക് പർച്ചേസ് ചെയ്യാവുന്ന പാലായിലെ പ്രമുഖ സ്ഥാപനം

തിരുനാൾ ആശംസകൾ




YOUDHA MEATS Mob: 9496990584, 9946848408, 9349903315, 9495706241



# യൂദാ മീറ്റ്സ്



## പുഴക്കര, പാലാ

PH: 8589942837

ആട്, പോത്ത്, പോർക്ക്, നാടൻ പന്നി, വാരിയിറച്ചി,
കരൾ, പോട്ടി, കറിയെല്ല്, തലച്ചോറ് ഇടിയിറച്ചി

ഏറ്റുമാനൂർ
മണർകാട്
കുറുപ്പന്തറ
കടുത്തുരുത്തി
കൂടല്ലൂർ

ഞായർ അവധി

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org